2015 ആഗസ്റ്റ് 25
വാല്യം 08
ലക്കം 16

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:08

ജേണൽ ഫോളോഅപ്പ്

# ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് വിഭജനം സമ്മിശ്ര പ്രതികരണം

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെ മൂന്നു റീജിയനുകളായി വിഭജിക്കുന്നതിനോട് സമ്മിശ്ര പ്രതികരണം ഉയർന്നുവരുന്നു. വ്യക്തമായ പാക്കേജിന്റെയും ധാരണയുടെയും അടിസ്ഥാനത്തിൽ മാത്രമേ വിഭജനം നടത്താവൂ എന്നും അവ്യക്തതകൾ നീക്കി തുറന്ന ചർച്ചകളിലൂടെ അഭിപ്രായം രൂപപ്പെടുത്തണമെന്നും ഒരു വിഭാഗം ആവശ്യപ്പെടുന്നു. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വൈവിധ്യങ്ങൾ മനസ്സിലാക്കി നയങ്ങൾ രൂപീകരിക്കണമെന്നും അശാസ്ത്രീയമായ വിഭജനങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുമെന്നും ചിലർ അഭിപ്രായപ്പെടുന്നു.

ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള തടസ്സങ്ങൾക്ക് വ്യക്തത വരുത്തേണ്ടതാണ്. ദൈവസഭയുടെ പ്രധാനപ്പെട്ട സഭകളെല്ലാം മധ്യതിരുവതാംകൂറിലാണ് സ്ഥിതിചെയ്യുന്നത്. മലബാറിലും ഹൈറേഞ്ചിലും തെക്കൻ തിരുവിതാംകൂറിലും പ്രബലമായ സഭകൾ ഇല്ല. ശുശ്രൂഷകന്മാരെ വിന്യസിക്കുന്നതിലും സ്ഥലംമാറ്റുന്നതിലും പ്രായോഗികമായ ചില തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ശുശ്രൂഷകന്മാർ കൂടുതലും മധ്യകേരളത്തിൽ ഏകോപിക്കാനാണ് സാധ്യത. ഇതിനെ മറികടക്കാൻ ജനറൽ ട്രാൻസ്ഫർ നിർബന്ധമാക്കുകയും സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം കൊണ്ടുവരികയും വേണം. സഭാശുശ്രൂഷയിലെ കുത്തകവൽക്കരണം പല മേഖലകളെയും പാർശ്വവൽക്കരിക്കുകയാണ്. ഇതിന് ഒരു അറുതിയുണ്ടാകണം.

വിഭജിക്കപ്പെടുന്ന റീജിയനുകൾക്കെല്ലാം പൊതുവായ സെമിനാരിയും വേദവിദ്യാർത്ഥികളുടെ ഒരുമിച്ചുള്ള ഗ്രാഡുവേഷനും വേണമെന്ന് ചിലർ ആവശ്യപ്പെടുന്നു. മാത്രമല്ല കേരളത്തിലെ നാല് റീജിയനുകളും ചേർത്ത് ഒരുമിച്ചുള്ള ജനറൽ കൺവൻഷനും വർക്കേഴ്സ് കോൺഫറൻസും വേണമെന്നും ഇത് പരസ്പര കൂട്ടായ്മയ്ക്കും ബന്ധത്തിനും അനിവാര്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഫണ്ട് വിതരണത്തിന്റെ കാര്യത്തിൽ സുതാര്യതയും ഏകീകൃത നിയമവും ആവശ്യമാണ്. പിന്നോക്ക മേഖലകൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നും പ്രവാസി മലയാളികൾ മധ്യകേരളത്തിൽ മാത്രം നിക്ഷേപം നടത്താതെ സഭാവളർച്ചയില്ലാത്ത മേഖലകളെ കൂടുതൽ പരിഗണിക്കണമെന്നും നിർദ്ദേശമുണ്ട്. ഫിനാൻസ് മാനേജ്മെന്റ് കേന്ദ്ര ഓഫീസിൽ നിന്നും നേരിട്ട് നടത്തണമെന്നും എല്ലാവർക്കും തുല്യമായി വിതരണം ചെയ്യുന്ന ഫെഡറൽ സംവിധാനം നിലവിൽ കൊണ്ടുവരണമെന്നും അഭിപ്രായമുണ്ട്.

ക്രഡൻഷ്യൽ, ഫിനാൻസ്, ട്രാൻസ്ഫർ എന്നീ കാര്യങ്ങൾക്ക് കേന്ദ്രീകൃത സംവിധാനം കൊണ്ടുവരികയും മിഷൻസ്, സഭാസ്ഥാപനം, അഡ്മിനിസ്ട്രേഷൻ, അച്ചടക്കം എന്നീ മേഖലകളിൽ റീജിയനുകൾക്ക് സ്വയം ഭരണം നൽകണമെന്നും പരക്കെ അഭിപ്രായമുണ്ട്. ശുശ്രൂഷകന്മാരുടെ ഭരണപാടവം, ശുശ്രൂഷാപ്രാവിണ്യം, അക്കാദമിക് പശ്ചാത്തലം, മിഷൻ വൈദഗ്ധ്യം, സ്വഭാവദാർഢ്യം എന്നിവ പരിഗണിച്ച് സ്ഥാനങ്ങളിൽ വിന്യസിക്കണമെന്നും ഏറാൻമൂളികളെയും കളങ്കിതരെയും ശുശ്രൂഷയിൽ പരാജയപ്പെട്ടവരെയും അകറ്റിനിർത്തണമെന്നും ചിലർ ആവശ്യപ്പെട്ടു. ഏതായാലും പുതിയ നീക്കങ്ങൾക്ക് നിറം പകരുന്ന നിർദ്ദേശങ്ങളാണ് ഉയർന്നുവരുന്നത്.

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് സ്കൂൾ ഓഫ് ജേർണലിസം ആരംഭിക്കുന്നു

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെയും പ്രസാധകരുടെയും വേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് സ്കൂൾ ഓഫ് ജേർണലിസം ആരംഭിക്കുന്നു. സഭയുടെ ആത്മീകവും സാസ്കാരികവുമായ വളർച്ചയ്ക്ക് എഴുത്ത്, വായന, അവലോകനം, ബോധവത്കരണം ഇവ വളർത്തിയെടുക്കുക, എഴുതാൻ വാസന ഉള്ളവരെ രൂപപ്പെടുത്തുക, പത്രപ്രവർത്തനത്തിലെ ക്രീയാത്മകവും ധാർമികവുമായ തത്വങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക ഇവ ലക്ഷ്യമാക്കി സ്കൂൾ ഓഫ് ജേർണലിസം അവസരമൊരുക്കുന്നു. ഈ ഹ്രസ്വകാല കോഴ്സിൽ കേരളത്തിലെ മുഖ്യാധാര എഴുത്തുകാരും ജേർണലിസ്റ്റുകളും പ്രമുഖ അധ്യാപകരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്. ഫീൽഡ് വർക്കും സ്റ്റഡി ടൂറും ഉണ്ടായിരിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. അക്കമഡേഷൻ ഉണ്ടായിരിക്കുന്നതല്ല. ആഴ്ചയിൽ മൂന്നു ദിവസം വീതമുള്ള മൂന്നു മാസത്തെ ക്ലാസുകൾ കുമ്പനാട് ആസ്ഥാനമാക്കി ആയിരിക്കും നടക്കുന്നത്. സഭാ സംഘടന വ്യത്യാസം ഇല്ലാതെ ആർക്കും ഈ കോഴ്സിൽ പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9847340246, 9447455820, 9447368795

E-mail-jaisepandanad@gmail.com

## ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4-ന്



പാസ്റ്റർ ഷമീർ കൊല്ലം



പാസ്റ്റർ എബി പീറ്റർ



സിസ്റ്റർ സൂസൻ ജോൺ

**ഫ്ളോറിഡ:** ഐ.പി.സ് സൗത്ത് ഈസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4-6 വരെ സെൻട്രൽ ഫ്ളോറിഡയിൽ ലേക്ക്‌ലാന്റ് പട്ടണത്തിലുള്ള ഐ.പി.സി ലേക്ക്‌ലാന്റ് ചർച്ചിൽ (4525 ക്ലബ് ഹൗസ് റോഡ്, ലേക്ക്‌ലാന്റ്, ഫ്ളോറിഡ 33182) വെച്ച് നടക്കും. കൺവൻഷൻ റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം ചെയ്യും. ഷമീർ കൊല്ലം (ഇന്ത്യ) മുഖ്യ പ്രസംഗകനായിരിക്കും. ശനിയാഴ്ച പകൽ നടക്കുന്ന സഹോദരി സമാജത്തിൽ സിസ്റ്റർ സൂസൻ ജോൺ (ബോസ്റ്റൺ), പി.വൈ.പി.എ. സണ്ടേസ്കൂൾ മീറ്റിംഗുകളിൽ പാസ്റ്റർ എബി പീറ്റർ (ഐ.പി.സി.കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ) എന്നിവരും പ്രസംഗിക്കുന്നതാണ്. ഇവരെ കൂടാതെ റീജിയനിലെ പാസ്റ്റർമാരായ ജേക്കബ് മാത്യൂ, വി. പി. ജോസ്, ജെയിംസ് ജോർജ്ജ് ഉമ്മൻ, സാം നൈനാൻ, ജോയി ഏബ്രഹാം, ജോൺ തോമസ്, എ. സി.ഉമ്മൻ എന്നിവരും വചനശുശ്രൂഷ നിർവ്വഹിക്കും. റീജിയന്റെ 15 വർഷത്തെ പ്രവർത്തനങ്ങളെ അനുസ്മരിക്കുന്ന സ്മരണികയുടെ പ്രകാശനം കൺവൻഷന്റെ പ്രാരംഭ ദിവസമായ വെള്ളിയാഴ്ച വൈകിട്ട് നിർവ്വഹിക്കുന്നതാണ്. ഗാന ശുശ്രൂഷകൾക്ക് റീജിയൻ ക്വയറിനോടൊപ്പം വെറിൽ തോമസ് (ഇന്ത്യ) നേതൃത്വം നല്കുന്നതാണ്. ഞായറാഴ്ച നടക്കുന്ന പൊതു ആരാധനയോടെ കൺവൻഷൻ സമാപിക്കും. പാസ്റ്റർമാരായ കെ. സി. ജോൺ (പ്രസിഡന്റ്), എ. സി. ഉമ്മൻ (വൈസ് പ്രസിഡന്റ്), മോറീസ് സാംസൺ (സെക്രട്ടറി), ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോയിന്റ് സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ട്രഷറർ) എന്നിവരടങ്ങുന്ന 32 അംഗ കമ്മിറ്റിയാണ് ഈ കൺവൻഷനു നേതൃത്വം നല്കുന്നത്.

## സാക്ഷി



പരിശുദ്ധാത്മാവ് ബാധ ആണെന്ന് ഒരു ന്യൂജനറേഷൻ കാരൻ പ്രസംഗിച്ചിരിക്കുന്നു.

"അഞ്ചൽ" ഓട്ടക്കാരന്റെ വിവരക്കേട്

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനിൽ പ്രതിസന്ധി രൂക്ഷമാകുന്നു

**കോട്ടയം:** ഭരണത്തിന്റെ അവസാനഘട്ടം എത്തിയതോടെ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനിൽ പ്രതിസന്ധി രൂക്ഷമാകുന്നു. സഭാ നേതൃത്വത്തിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടുംമൂലം ശക്തമായ ഭരണവിരുദ്ധതരംഗം ആഞ്ഞടിക്കുകയാണ്. ഏറെ പ്രതിസന്ധിയിലായിരുന്ന പ്രസ്ഥാനം വളരെ പ്രതീക്ഷയോടെയാണ് പുതിയ നേതൃത്വത്തെ കണ്ടിരുന്നത്. സഭയുടെ അഭിമാനപ്രശ്നമായ



...ാം ജോൺ വെട്ടിത്ത...
...ശ്രൂഷകനെക്കൊണ്ട് ഭവന പ്രതിഷ്ഠ ന...
...ും സ്വന്തം പ്രസ്ഥാനത്തോടും സഭാശുശ്രൂഷകന്മാ...
...ള അവഹേളനം ആണെന്നും വിലയിരുത്തുകയും അദ്ദേഹത്തെ...
...ഭയിലെ ആത്മീയ ശുശ്രൂഷകളിൽനിന്നും 6 മാസം മാറ്റിനിർത്തു...
...വാൻ തീരുമാനിക്കുകയും ചെയ്തു. സഭാശുശ്രൂഷകനായ സെ.
...മിനിസ്റ്റർ ആസമയത്തു ഓവർസിയറെ അറിയിക്കാതെയും, ഐ.
...പി.സി സഭ ശുശ്രൂഷകനെ ഭവന പ്രതിഷ്ഠയ്ക്ക് അനുവദിക്കയും
...യ്തകാരണത്താൽ തന്റെ ഉത്തരവാദിത്വം നിർവ്വഹ...
...തയിരിക്കുകയുമായിരുന്നു എന്നതിനാൽ സെന്റർ ശുശ്ര...
...ും 3 മാസം മാറ്റിനിർത്തുന്നതിനും തീരുമാനി...
...ൽനിന്നും വിരമിച്ച...

കൺവൻഷൻ സ്റ്റേഡിയം നിയമനടപടികളിലൂടെ തിരിച്ചെടുക്കാനുള്ള ഒരു ശ്രമവും നടന്നില്ല. സ്റ്റേഡിയം പണയപ്പെടുത്താൻ അന്നത്തെ എഡ്യൂക്കേഷൻ ഡയറക്ടറായിരുന്ന ഇപ്പോഴത്തെ ഓവർസിയർ ഒപ്പിട്ട് സമ്മതം നൽകിയതിനാൽ വിചാരണയിൽ പിടിക്കപ്പെടുമെന്നതിനാലാണ് ഈ കേസിൽ നേതൃത്വം താൽപര്യം കാണിക്കാത്തത് എന്നതാണ് ആ

08

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ



## എഡിറ്റോറിയൽ

# ഇത് ലജ്ജാകരം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഐ. പി. സി. മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോണിനെ തന്റെ ഭവനത്തിന്റെ സമർപ്പണ ശുശ്രൂഷയ്ക്കായി ക്ഷണിച്ചതിന്റെ പേരിൽ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനിലെ ഒരു സഹോദരനെ റീജിയൻ ഓവർസിയർ ആറു മാസത്തേക്ക് മുടക്കിയ നടപടി തികച്ചും അപലപനീയമാണ്. മാത്രമല്ല ഇക്കാര്യം നേതൃത്വത്തെ അറിയിച്ചില്ലായെന്ന പേരിൽ ഡിസ്ട്രിക്ട് പാസ്റ്ററെയും മൂന്നു മാസത്തേക്ക് മുടക്കിയതായാണ് സഭകൾക്ക് അയച്ച ന്യൂസ് ലെറ്ററിൽ ഓവർസിയർ എഴുതിയിരിക്കുന്നത്. വ്യത്യസ്ത പ്രസ്ഥാനങ്ങളായി നിൽക്കുമ്പോഴും വിവാഹം, ശവസംസ്കാരം, സ്നാനം തുടങ്ങിയ ശുശ്രൂഷകൾക്ക് ചില സന്ദർഭങ്ങളിൽ മറ്റ് പ്രസ്ഥാനത്തിലെ ശുശ്രൂഷകരെ ഉൾപ്പെടുത്തുകയും സഹകരിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്കുള്ളത്. പരസ്പര സഹകരണവും സ്നേഹവും പുലർത്തുന്നവരാണ് പെന്തെക്കോസ്ത് സമൂഹങ്ങൾ. ഇതുവരെയും ഒരു പ്രസ്ഥാനത്തിന്റെയും നേതാക്കന്മാരുടെ ഭാഗത്തുനിന്ന് ഉണ്ടാകാത്ത അത്രയും തരംതാണ പ്രവർത്തിയാണ് ഇതെന്ന് പറയാതെ വയ്യ. പെന്തെക്കോസ്തിന്റെ അന്തസത്ത ഇല്ലാതാക്കുന്ന നടപടിയായി ഇതിനെ കാണാം. വ്യക്തിവിദ്വേഷത്തിന്റെയും ഗ്രൂപ്പുകളിയുടെയും രാഷ്ട്രീയമായി ഇതിനെ കണക്കാക്കേണ്ടിയിരിക്കുന്നു. അധികാരം തലയ്ക്കുപിടിച്ചാൽ സംഭവിക്കുന്ന ധാർമ്മിക അധഃപതനമായി ഇതിനെ കണക്കാക്കാം.

മുൻ ഓവർസിയർ തോമസ് ജോണിന്റെ കാലത്ത് റീജിയന്റെ സ്വന്തമായിരുന്ന കൺവൻഷൻ ഗ്രൗണ്ട് സ്വകാര്യ പണമിടപാട് സ്ഥാപനത്തിന് പണയം വെച്ചത് ഏവർക്കും അറിവുള്ളതാണല്ലോ. കൺവൻഷൻ ഗ്രൗണ്ട് നഷ്ടപ്പെട്ട റീജിയൻ പ്രസ്ഥാനം ഓരോ വർഷവും വിവിധ സ്ഥലങ്ങളിൽ ജനറൽ കൺവൻഷനുകൾ നടത്താൻ അലയേണ്ട അവസ്ഥയാണ്. അധ്യക്ഷപദവിയിൽ ഒരുവനെ ആക്കുന്നത് എന്തിനുവേണ്ടിയാണ് എന്ന സ്വയബോധം ഇല്ലാതെ വന്നാൽ സംഭവിക്കുന്ന അപചയമാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. അധികാരത്തിന്റെ ചെങ്കോൽ പിടിച്ചുകൊണ്ട് അടിച്ചൊതുക്കുവാനും ഇല്ലായ്മ ചെയ്യുവാനും ശ്രമിക്കുന്ന നേതാവ് പെന്തെക്കോസ്തിന് ഭൂഷണമല്ല. പരസ്പരം സ്നേഹിക്കുവാനും കരുതുവാനുമാണ് കർത്താവ് പഠിപ്പിച്ചത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തിക്ക് ഇടം കൊടുക്കുകയും പ്രാധാന്യം കല്പിക്കുകയും ചെയ്യുന്ന പെന്തെക്കോസ്തുകാർ എന്താണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തി എന്ന് മനസ്സിലാക്കുന്നില്ലെങ്കിൽ അത് കഷ്ടമാണ്. സഭയുടെ അധ്യക്ഷനെന്നു പറയുന്നത് അധികാരത്തിന്റെ ദണ്ഡ് ചുഴറ്റി അടിച്ചമർത്തി ഭരിക്കുവാനുള്ള അധികാരമല്ല. യേശു ശിഷ്യന്മാരുടെ പാദം കഴുകുവാൻ തയ്യാറായത് നേതാക്കന്മാർ ഒന്നുകൂടെ പഠിക്കേണ്ടതാണ്. ശുശ്രൂഷിക്കപ്പെടുക എന്നതിനെക്കാൾ ശുശ്രൂഷിക്കുക എന്നതാണ് ക്രിസ്തീയ മര്യാദ. വലിയവനാരെന്ന വാദവുമായി നടന്ന ശിഷ്യരെ ഒരു ശിശുവിനെയെടുത്ത് അവരുടെ മുമ്പിൽ കാണിച്ച് ശിശുവിനെപ്പോലെ ആകുവാനാണ് യേശു അവരോട് പറഞ്ഞത്. ഒരു വ്യക്തി ഇരിക്കുന്ന കസേരയുടെ മഹത്വം വെളിപ്പെടുന്നത് അതിൽ ഇരിക്കുന്ന ആളിന്റെ പ്രവർത്തിയിലൂടെയാണ്. പ്രസ്ഥാനത്തിനുവേണ്ടി മരിക്കുവാൻ തക്ക തീവ്രവാദികൾ ആകുമ്പോൾ അത് അപകടമാകുന്നു. സഹോദരസഭയിലെ ആദരണീയനായ ശുശ്രൂഷകനെ ഭവന സമർപ്പണ ശുശ്രൂഷയ്ക്ക് വിളിച്ചത് എങ്ങനെയാണ് ഒരു വിശ്വാസിയെ മുടക്കുവാൻ കാരണമാകുന്നത്. അത് കേന്ദ്രത്തിൽ അറിയിച്ചില്ലായെന്ന പേരിൽ ശുശ്രൂഷകനെ മൂന്നു മാസത്തേക്ക് വിലക്കുക കൂടി ചെയ്ത ഓവർസിയറുടെ നടപടി പെന്തെക്കോസ്ത് സമൂഹത്തിന് ആകെ അപമാനകരമാണ്. പരസ്പര സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും മനോഭാവമാണ് ഓരോ ദൈവപൈതലിലും പ്രത്യേകാൽ ശുശ്രൂഷകരിലും ഉണ്ടാകേണ്ടത്. നിലപാടുകളിലോ അഭിപ്രായങ്ങളിലോ വ്യത്യാസമുണ്ടാകാം. എന്നാൽ തികച്ചും വ്യക്തി സ്വാതന്ത്ര്യത്തിൽ പെട്ട ഇത്തരം ശുശ്രൂഷകളിൽ വിശ്വാസിക്കെതിരെ നടപടിയെടുക്കുമ്പോൾ രാജ്യത്തിന്റെയും വചനത്തിന്റെയും നിയമങ്ങളെ മറക്കുകയാണ് ചെയ്തത്. നമ്മൾ ആരെന്ന ചിന്ത ഒരിക്കലും വിട്ടുകളയരുത്. ശത്രുക്കളെ സ്നേഹിച്ച ക്രിസ്തുവിനെ പിൻപറ്റുന്നവർ സ്വന്തസഹോദരനെതിരെ ശത്രുവിനെപ്പോലെ പോരാടുമ്പോൾ എന്താണ് പറയേണ്ടത് എന്നറിഞ്ഞുകൂടാ. ഇത് തികച്ചും ലജ്ജാകരം.

## യുവജന പംക്തി



ബിനു ജോസഫ്
വടശ്ശേരിക്കര

# പിശാചിനോട് എതിർത്തു നിൽക്കുക



നിങ്ങളുടെ ഉള്ളിൽ ഭയമോ രോഗചിന്തകളോ പിശാച് ഇടുമ്പോൾ സ്വയം പറയണം ഭയത്തിന് ഞാൻ കീഴടങ്ങുകയില്ല, കാരണം യേശുവാണ് എന്റെ സംരക്ഷകൻ. ഇന്നത്തെ പലരും രോഗികളാകുന്നത് സ്വയം ചിന്തിച്ച് ഉണ്ടാക്കുന്നതാണ്. തലവേദന വന്നാൽ ബ്രെയിൻ ട്യൂമറായും കാലിനു വേദന വന്നാൽ തളർന്നു പോകുവാനാണെന്നും നെഞ്ചു വേദന 'അറ്റാക്ക്' ആണെന്നും ചിന്തിച്ച് ഭയപ്പെടുന്നവർ അനേകരാണ്. ചിലർക്ക് ആശുപത്രിയിൽ പോയി പരിശോധിക്കുവാൻ തന്നെ ഭയമാണ്. 'വല്ല കാൻസറും ആണെന്ന് ഡോക്ടർ പറഞ്ഞാൽ ഞാൻ എങ്ങനെ സഹിക്കും' എന്നാണ് ഇവരുടെ ഭയം.

ദൈവവചനം പറയുന്നു തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു (1യോഹ.4:18). നിങ്ങൾക്ക് ഭയം ഉണ്ടാക്കുന്നത് ദൈവമല്ല നിങ്ങളും നിങ്ങളുടെ ചിന്തകളുമാണ്. ചിന്തകളിൽ പിശാചിന് ഇടം കൊടുക്കുമ്പോൾ അവൻ ഹൃദയത്തെ കീഴടക്കും. പിശാചിന് ഇടം കൊടുക്കരുത് എന്ന് അതുകൊണ്ടാണ് പൗലൊസ് അപ്പോസ്തലൻ ഓർപ്പിക്കുന്നത്. ചിന്തകളിലും, വാക്കിലും പ്രവർത്തിയിലും ഇടപാടിലും പിശാചിന് ഇടം കൊടുക്കരുത്. അപ്പോൾ അവൻ പരാജയപ്പെടും.

യേശുവിൽ വിശ്വസിച്ച് യേശുവിനായി ജീവിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിലോ ഭവനത്തിലോ പിശാചിന് സ്ഥാനം ഇല്ല. അവന് നിങ്ങളെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പക്ഷേ നാം പിശാചിന് സ്ഥാനം കൊടുത്താലോ, അവൻ പലതും ചെയ്യും.

ഇന്ന് നമ്മുടെ ആരാധനാലയങ്ങളിൽ കൂടുതൽ പ്രതിപാദിക്കപ്പെടുന്നതും വിശ്വാസികൾ ഭയക്കുന്നതും പിശാചിനെ തന്നെയാണ്. ഒരു പക്ഷേ പിശാചിന്റെ പേരിൽ പാവം വിശ്വാസികളെ ഭയപ്പെടുത്തി വരുതിയിൽ നിർത്തുന്നവരും കാണാം. എന്നാൽ മറ്റ് ചിലർ ദൈവത്തെ വിളിക്കുന്നതും പ്രാർത്ഥിക്കുന്നതും എല്ലാം പിശാചിനെ ഭയന്നാണ്. പ്രാർത്ഥിച്ചില്ലെങ്കിൽ പിശാച് ശല്യം ഉണ്ടാകും. ആരാധന മുടക്കിയാൽ പിശാച് പ്രവർത്തിക്കും. ഇങ്ങനെയുള്ള എന്തെല്ലാം ചിന്തകൾ. എന്നാൽ ദൈവവുമായുള്ള സ്നേഹബന്ധവും ആദരവുമാകണം നമ്മുടെ പ്രാർത്ഥനയുടെയും ആരാധനയുടെയും അടിസ്ഥാനം. ദൈവം എന്റെ പിതാവാണ്. ആ ദൈവം എന്റെ സംരക്ഷകനും അഭയവുമാണ് എന്ന ബോധ്യം നമുക്ക് ബലം പകരും. അതുകൊണ്ടാണ് ദാവീദ് പറയുന്നത് യഹോവ എന്റെ ബലവും, കോട്ടയും, പരിചയും, രക്ഷകനും എന്ന്. പൗലോസ് പറയുന്നു പിശാചിനോട് എതിർത്ത് നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചു കൊൾവിൻ. എഫെ.6:10 മുതൽ താഴേക്ക് വായിക്കുമ്പോൾ പലവിധ ആയുധങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അവയിൽ ഒന്നും പോലും വിശ്വാസിയിൽ കുറഞ്ഞിരിക്കരുത്. സർവ്വായുധവർഗ്ഗം ധരിച്ചാൽ പിന്നെ പിശാചിന് നിന്നെ തൊടുവാൻ കഴിയുകയില്ല.

**തന്ത്രങ്ങളറിയുക**

പിശാച് രണ്ടു കൊമ്പും ഒരു വാലും ഉള്ള സൃഷ്ടിയാണെന്ന ധാരണയാണ് പലർക്കും ഉള്ളത്. സാത്താന് കൊമ്പും വാലും ഉണ്ടെന്ന ചിന്തയ്ക്ക് യാതൊരാധാരവും ഇല്ല. എന്നാൽ തിന്മയുടെ വക്താവാണ് പിശാച്. അവനിൽ വെളിച്ചം ഒട്ടും ഇല്ല. ജനങ്ങളെ ദൈവീക ബന്ധത്തിൽ നിന്ന് അകറ്റുക എന്നതാണ് സാത്താന്റെ പദ്ധതി. "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു" (2കൊരി. 11:2). സാത്താൻ എങ്ങനെയാണ് ഒരാളിൽ പ്രവർത്തിക്കുന്നതെന്ന് മനസിലാക്കാൻ കഴിഞ്ഞാൽ, നമുക്കതിനെ പ്രതിരോധിക്കുവാൻ കഴിയും. നമ്മുടെ ചിന്താമണ്ഡലത്തിലും ചിന്തകളിലും സാത്താൻ പ്രവർത്തിക്കും. എന്നാൽ നമ്മുടെ ഹൃദയവിചാരങ്ങളെ വിവേചിക്കുവാനോ അറിയുവാനോ സാത്താന് കഴിയുകയില്ല. കേൾവിയാലോ, കാഴ്ചയിലോ, വായനയിലോ നിന്ന് ചിന്തകൾ ഉണ്ടാക്കി ഭയം, നിരാശ, ആകുലത, പരാജയ ഭീതി, തെറ്റായ ചിന്തകൾ, പ്രലോഭനങ്ങൾ ഇവ ഉണ്ടാക്കി പരാജയത്തിലേക്കും പാപത്തിലേക്കും നയിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്.

ഒരു പക്ഷേ നമ്മുടെ ചിന്തകളെ തിരിച്ചറിയാൻ പിശാചിന് കഴിയുമായിരുന്നെങ്കിൽ അവൻ മുമ്പെ നമ്മെ പരാജയപ്പെടുത്തുമായിരുന്നു. പിശാചിന് നമ്മുടെ വാക്കുകൾ ഗ്രഹിക്കാം. മറ്റുള്ളവർ പറയുന്നത് കേൾക്കാം. നമ്മുടെ പ്രവൃത്തി അറിയാം. ദൈവം നമ്മെക്കുറിച്ച് ചിന്തിക്കുന്ന കാര്യങ്ങളെ ഗ്രഹിക്കുവാൻ പിശാചിന് സാദ്ധ്യമല്ല. നമുക്കായി നല്ലതും അനുഗ്രഹത്തിന്റേതുമായ ചിന്തകളാണ് ദൈവം ചിന്തിക്കുന്നത്.

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്" (യിരമ്യാവ് 29:11)

നമ്മുടെ ഉള്ളിൽ അങ്കുരിക്കുന്ന ഓരോ ചിന്തക്കും അടിസ്ഥാനമായൊരു വാക്ക്, പ്രവൃത്തി, കാഴ്ച, കേൾവി ഇവ നിശ്ചയമായും ഉണ്ട്. അതുകൊണ്ടാണ് പറയുന്നത് കേൾവിയും കാഴ്ചയും നിയന്ത്രിച്ചാൽ ഒരു പരിധി വരെ മോഹങ്ങളെ നിയന്ത്രിക്കാം എന്ന്. മോഹങ്ങൾ നിയന്ത്രിക്കപ്പെട്ടാൽ പാപത്തിൽ നിന്ന് രക്ഷ നേടാം. യാക്കോബ് അപ്പോസ്തലൻ പറയുന്നു. "മോഹം ഗർഭം ധരി

06

## എനിക്കും പറയാനുണ്ട്...

# ഗേഹസിയുടെ പ്രോജക്ടും നമ്മുടെ നേതാക്കന്മാരും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞ ലക്കത്തിലെ കുറിപ്പിന്റെ തുടർച്ച തന്നെയാകട്ടെ ഈ ലക്കവും. കഴിഞ്ഞ ലക്കം വായിച്ചിട്ട് പലരും വിളിച്ചിരുന്നു. പലർക്കും താൽപ്പര്യം സഭാ രാഷ്ട്രീയം തന്നെയാണ്. പലരും വിദഗ്ധമായി തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മാധ്യമങ്ങളെ ഉപയോഗിക്കാറുണ്ടെന്നത് സത്യം. താൽപ്പര്യ സംരക്ഷണത്തിനായി കിട്ടാതായാൽ ആ മാധ്യമത്തെ ശത്രുഗണത്തിൽ പെടുത്തുകയും പിന്നെ സാധ്യമായ മാർഗ്ഗത്തിലൂടെ തകർക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്യും.

ഒരാൾ എന്നെ വിളിച്ചിട്ട് ക്ഷോഭത്തോടെ ചോദിച്ച ഒരു കാര്യം രസകരമായി തോന്നി. അദ്ദേഹം എന്നോട് ചോദിച്ചതിതാണ്. "ചർച്ച് ഓഫ് ഗോഡിന്റെ കാര്യം എഴുതാൻ നിങ്ങളാരാണ്. ഞങ്ങളുടെ സഭയുടെ കാര്യം ഞങ്ങൾ നോക്കിക്കോളാം" അദ്ദേഹത്തോട് ഞാൻ ചോദിച്ചു എത്രവർഷമായി ചർച്ച് ഓഫ് ഗോഡിലംഗത്വം കിട്ടിയിട്ട് ? "3വർഷം". കാൽനൂറ്റാണ്ടിലധികമായി ഞാൻ ചർച്ച ഓഫ് ഗോഡ് അംഗമായിട്ടെന്നു പറഞ്ഞപ്പോൾ ക്ഷമാപണം നടത്തി അദ്ദേഹം അവസാനിപ്പിച്ചു. ആ മനുഷ്യൻ ഒരു കാര്യം കൂടി പറഞ്ഞു "ഒരു ഭരണ നേതാവിന്റെ പ്രേരണയാൽ വിളിച്ചതാണ്".

മുളക്കുഴയിലെ ബൈബിൾ കോളജിലെ വിദ്യാർത്ഥികളുടെ എണ്ണത്തെക്കുറിച്ചുള്ള കഴിഞ്ഞ ലക്കം പരാമർശത്തിൽ തെറ്റു പറ്റിയത് ഇവിടെ തിരുത്തുന്നു. 20 എന്ന അച്ചടി പിശക് 60 ആയി വായിക്കാൻ അപേക്ഷിക്കുന്നു. DTh, BTh,MDV,DCPC 10 ക്ലാസ്സുകളിലായാണ് ഈ വലിയ സംഖ്യ. കേരളത്തിലെ ബൈബിൾ കോളജുകളിൽ നിന്നിറങ്ങുന്ന വിദ്യാർത്ഥികളിൽ mt:Zion വിദ്യാർത്ഥികളുടെ നിലവാരം വളരെ പരിതാപകരം ആണ്. അതുമാറണമെന്ന ഉദ്ദേശമേ എന്റെ കുറിപ്പിലുള്ളു.

ആയിരത്തോളം സഭകൾ ചർച്ച് ഓഫ് ഗോഡിന് കേരളത്തിലുണ്ട് എന്നാണ് വയ്പ്. എന്നാൽ പകുതിയോളം സഭകളെയും എണ്ണത്തിൽ കൂട്ടാൻ പറ്റിയതല്ല എന്നതാണ് യാഥാർത്ഥ്യം. ശുശ്രൂഷകരുടെ നിലവാരം ഉയർത്താനുള്ളതായിരിക്കണം വിദ്യാഭ്യാസ പദ്ധതികൾ. ഇന്ന് അതിനൊന്നും താൽപ്പര്യമോ സമയമോ ഭരണകർത്താക്കൾക്കില്ല. എല്ലാവർക്കും താൽപര്യം പ്രോജക്ടുകളാണ്. മുളക്കുഴയിൽ ഭരണം നടത്തിയ ഭരണാധികാരികളുടെ പിടിപ്പുകേട് വെളിപ്പെടുത്തും പോലെ പണിതീരാത്ത കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഓരോരുത്തർ ചുമതലയേൽക്കുമ്പോഴും പുതിയ പ്രൊജക്ടും പുതിയ പിരിവുമാണ്. അതിലാണ് താൽപ്പര്യവും. കൊട്ടിഘോഷിച്ച് പണിത ഓഫീസ് കോംപ്ലക്സും 70000 sqft ന്റെ ബൈബിൾ കോളജ് കെട്ടിടവും പണിതീർക്കണമെങ്കിൽ കോടികൾ ഇനിയും വേണം. അതിനാരും തുനിയുന്നുമില്ല. എന്നിട്ടും പുതിയ പ്രോജക്ട് അവതരിപ്പിച്ച് സ്ഥലം വാങ്ങാനാണ് ഇപ്പോഴത്തെ ഓട്ടം എന്നു കേൾക്കുമ്പോൾ ദുഃഖം തോന്നുന്നു. ആൾക്കാരെ വഞ്ചിച്ച് എന്തിനീ പ്രൊജക്ടുകൾ. സ്വന്തമനഃസാക്ഷിയോടൊന്നു ചോദിക്കണം ഇനിയും പുതിയതുവേണോ അതോ ഉള്ളത് പൂർത്തീകരിക്കണോ?.

നമ്മുടെ നേതാക്കന്മാർ പുതിയ പ്രൊജക്ടുകൾ അവതിപ്പിക്കാനും ജനത്തിനു മുമ്പിൽ മിടുക്കനാവാനും വിരുതന്മാരാണ്. ഇവരുടെ ഈ കഴിവ് അപാരം തന്നെ. എല്ലാ പ്രസ്ഥാനത്തിലും ഇതാണ് സ്ഥിതി.

എനിക്കു തോന്നുന്നത് ഇവരുടെയെല്ലാം മാർഗ്ഗദർശി ഇക്കാര്യത്തിൽ ഗേഹസിയാണെന്നാണ്. നയമാന്റെ സമ്മാനം മേടിക്കാതെ എലീശ നയമാനെ പറഞ്ഞയച്ചപ്പോൾ അവിടെ ഉണ്ടായിരുന്ന ഗേഹസി മറുവഴിയായി നയമാന്റെ അടുക്കൽ എത്തി എത്ര വിദഗ്ധമായാണ് ഹൈറേഞ്ച് മിഷൻ പ്രൊജക്ട് (മലനാട്ടിൽ നിന്നു വന്ന യൗവ്വനക്കാർക്കു വേണ്ടി II രാജാ:5:22) അവതരിപ്പിച്ചത്. ആ പ്രോജക്ടവതരിപ്പിച്ച് കിട്ടിയതെല്ലാം പോയ വഴിയും നമുക്കറിയാം. ഇന്നത്തെ പല പ്രോജക്ടുകളുടെയും അവസ്ഥ ഇതാണെന്ന് പിന്നാമ്പുറത്ത് കേൾക്കാറുമുണ്ട്. പുതിയ പ്രോജക്ടുകളാകുന്ന ശർക്കരക്കുടവുമേന്തി മുമ്പിലെത്തുന്ന നേതാക്കന്മാരോട് ഒരു കാര്യം കൂടെ ചോദിക്കണം പഴയ പ്രോജക്ടുകൾ പൂർത്തീകരിച്ചോ? ഇത് ചോദിക്കാത്ത കാലത്തോളം ഇനിയും അവർ പുതിയ പ്രൊജക്ട് എന്ന ശർക്കര കുടങ്ങളുമായി വരും. അവ പോയ വഴി കണ്ടെത്താൻ ഒരു പ്രവാചകനും കഴിയില്ല.

ചർച്ച് ഓഫ് ഗോഡിലെ നേതൃത്വത്തോട് എനിക്കുള്ള അഭിപ്രായവ്യത്യാസം ഇത്തരം കാര്യങ്ങളിലാണ്. അടിസ്ഥാനപരമായി ധാരാളം സൗകര്യങ്ങൾ ഈ പ്രസ്ഥാനത്തിനുണ്ട്. എന്നാൽ അതിനെയൊന്നും വേണ്ടരീതിയിൽ ഉപയോഗിക്കുവാൻ ആരും ശ്രമിക്കാറില്ല. പാസ്റ്റർ പി. എ. വി. സാം ഓവർസിയർ ആയിരുന്നപ്പോൾ സഭയ്ക്ക് ആകമാനമായ ഒരു പുരോഗതി ഉണ്ടായി. സഭാവളർച്ചയിലും മറ്റ് അടിസ്ഥാന സൗകര്യരംഗത്തും ആ വളർച്ച ദൃശ്യമായിരുന്നു. ആ കാലത്താണ് തിരുവല്ലയിൽ ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയവും അതിനോട് ചേർന്ന് ഐ. സി. റ്റി. എസ്. എന്ന ഇംഗ്ലീഷ് മീഡിയം ബൈബിൾ കോളജും ആരംഭിക്കുന്നത്. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റിന് അഭിമാനമായി തല ഉയർത്തി നിന്ന സ്ഥാപനമായിരുന്നു അത്. അധികാരത്തിലിരുന്നവരുടെ ശീതസമരം ആ സ്ഥാപനത്തെ ഇല്ലായ്മ ചെയ്തു. ഇന്ന് കാടുപിടിച്ച് അനാഥമായി കിടക്കുന്ന കെട്ടിടം കാണുമ്പോൾ സങ്കടം തോന്നാറുണ്ട്. ബൈബിൾ കോളജ് നിർത്തലാക്കിയവർക്ക് ആ കെട്ടിടം പ്രയോജനപ്രദമായ രീതിയിൽ മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കാമായിരുന്നു. അത് ലോക്കൽ സഭയെയോ ഡിസ്ട്രിക്ടിനെയോ ഏൽപ്പിച്ച് പ്രയോജനപ്പെടുത്തേണ്ടതായിരുന്നു. ഇന്ന് ആ കെട്ടിടം നശിച്ചുകൊണ്ടിരിക്കുന്നു. പലതും വിൽക്കുവാനും ഇല്ലാതാക്കുവാനുമാണ് പലർക്കും താൽപര്യം. ഉള്ളത് നിലനിർത്താനും പരിപാലിക്കാനും കഴിയുന്നതാണ് ശരിയായ നേതൃത്വഗുണം. ഇനിയും ഈ കുറിപ്പ് നീട്ടുന്നില്ല. കാരണം അധികാരികൾ കോപിക്കും. അത് എന്റെ ആരോഗ്യത്തിനു ചേരില്ല. (തുടരും)

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

### അദ്ധ്യായം മൂന്ന്



പൗലോസ് ശുശ്രൂഷകകനായ തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനത്തിലെ മൂന്നാം അദ്ധ്യായം തുടങ്ങുന്നത് "ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു" അപ്പോൾ പൗലോസ് സുവിശേഷവേലയെ കാണുന്നത് നല്ലവേലയായിട്ടാണ്. ലോകത്ത് പല ജോലികളും തൊഴിലുകളും ഉണ്ടെങ്കിലും ഏറ്റവും മനോഹരമായ ശുശ്രൂഷ എന്നത് കർത്താവിന്റെ വേലയാണ്. പൗലോസ് പ്രവാചക പുസ്തകത്തിൽ നിന്നും ഉദ്ധരിക്കുന്നത് "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നാണ്" റോമ:10:15, സുവിശേഷവേലയെ നല്ല വേലയായി കാണുവാൻ കാരണം മനുഷ്യരുടെ ജീവിതത്തെ മാറ്റി മറിക്കുവാൻ കഴിയുന്ന ഒന്നാണ് സുവിശേഷം, പൗലോസ് പറയുന്നത്, "സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ" എന്നാണ് റോമ: 1:16. ഒരു വ്യക്തിയെ സ്വാധീനിക്കുവാൻ കഴിയുന്ന മൂന്നു കൂട്ടരാണ്. ഡോക്ടർ, അദ്ധ്യാപകർ, ഇടയന്മാർ ഇവരിലാണ് മനുഷ്യജീവിതം ആശ്രയിച്ചിരിക്കുന്നത്. നല്ലവേലയാകുവാൻ കാരണം ഒരു വ്യക്തിയുടെ ഭാവി നിയന്ത്രിക്കുവാൻ കഴിവുള്ള വേലയായതുകൊണ്ടാണ്. ഒരിക്കൽ അമേരിക്കൻ പ്രസിഡന്റിനെ തന്റെ ഒരു പഴയ സ്നേഹിതൻ സമീപിച്ച് ഒരു ജോലിക്കായി അപേക്ഷിച്ചു. അപ്പോൾ പ്രസിഡന്റ് അദ്ദേഹത്തോടു ചോദിച്ചു; നിങ്ങൾ ഇപ്പോൾ എന്തു ജോലി യാണ് ചെയ്തു കൊണ്ടിരിക്കുന്നത് എന്ന് അതിനു അദ്ദേഹം പ്രതിവചിച്ചു സുവിശേഷവേലയാണ് എന്ന്, അപ്പോൾ പ്രസിഡന്റ് പറഞ്ഞു, ഇതിനെക്കാൾ നല്ല ഒരു ജോലി തരുവാൻ എന്റെ പക്കലില്ല. പ്രസിഡന്റ് അദ്ദേഹത്തെ തിരിച്ചയച്ചതായി വായിച്ചിട്ടുണ്ട്. പല പ്രസിദ്ധ ദൈവദാസന്മാർക്കും ശുശ്രൂഷകന്മാർക്കും ലോകപ്രകാരമുള്ള നല്ല ജോലിയും സ്ഥാനവും പദവിയും ഉണ്ടായിട്ടും അവരെല്ലാം അതെല്ലാം ഉപേക്ഷിച്ച് കർത്താവിന്റെ വേല ചെയ്തു അനേകരെ നിത്യതയുടെ ഓഹരിക്കാരാക്കി. ഇംഗ്ലണ്ടിലെ പ്രസിഡന്റായ ക്രിക്കറ്റ് കളിക്കാരനായിരുന്ന സി. റ്റി.സ്റ്റഡ്. തന്റെ പേരും പെരുമയും പണവും സ്ഥാനമാനങ്ങളും ഉപേക്ഷിച്ച് കർത്താവിന്റെ വേല ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ചെയ്ത വ്യക്തിയാണ്. ഇദ്ദേഹം ഒരിക്കൽ പറഞ്ഞു; ഒരേ ഒരു ജീവിതം അത് എത്രയും വേഗം തീർന്നു പോകും (കടന്നുപോകും) കർത്താവിനു വേണ്ടി ചെയ്തതു മാത്രം നിലനിൽക്കും. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചവനായ കർത്താവ് നൽകിയ ശുശ്രൂഷ ആയതു കൊണ്ടാണ് ഇത് ശ്രേഷ്ഠമായ വേലയായി തീർന്നത്. ഈ ലോകത്തെ ഒരു ഗവൺമെന്റിനോ കമ്പനിക്കോ ഇപ്രകാരം നല്ലൊരു ജോലി നൽകുവാൻ കഴിയുകയില്ല. ഇന്നു പലരുടെയും മുന്നിൽ സുവിശേഷ വേല നല്ലതാകാത്തതിന്റെ കാരണം, ചിലർ പറയുന്നത് വയറ്റിപ്പിഴപ്പിനായിട്ടാണ് എന്നൊക്കെ പറഞ്ഞു പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നതു കൊണ്ടാണ്. സുവിശേഷ വേല ചെയ്യുന്നവർ ശരിയായ രീതിയിലും വിശുദ്ധിയിലും വിശ്വസ്തതയിലും ശുശ്രൂഷ ചെയ്യുമ്പോൾ ജനങ്ങൾ മാനിക്കുകയും അംഗീകരിക്കുകയും ചെയ്യും. ചിലർക്കു ഇതൊരു ബിസ്സിനസ്സാണ്, പണം ഉണ്ടാക്കാനുള്ള ഒരു ഉപാധിയാണ്. മറ്റു ചിലർക്ക് പേരിനും പ്രശസ്തിക്കായിട്ടുള്ള നെട്ടോട്ടമാണ്. അതുകൊണ്ട് പലസ്ഥലങ്ങളിലും ഇതിന്റെ മഹത്വവും മാഹാത്മ്യവും നഷ്ടമായി കൊണ്ടിരിക്കുകയാണ്. ഇന്നു സുവിശേഷവേലയിൽ ആയിരിക്കുന്നവരിൽ പലരും വിവാഹ മോചനം നടത്തിയവരും ഒന്നിലധികം അവിഹിതബന്ധങ്ങളും തട്ടിപ്പുകളും റിയൽ എസ്റ്റേറ്റു ബിസിനസ്സുകൾ ചെയ്യുന്നതു കൊണ്ടും കള്ളവും കപടവും നടത്തുന്നതു കൊണ്ടും സുവിശേഷവേലയുടെ മൂല്യം നഷ്ടമായി കൊണ്ടിരിക്കുകയാണ്. മൂന്നാം അദ്ധ്യായം തുടങ്ങുന്നത് ദൈവസഭ ഭരിക്കുവാൻ വേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന അധ്യക്ഷന്മാരെ കുറിച്ചും അവരുടെ യോഗ്യതകളെ കുറിച്ചുമാണ്. അധ്യക്ഷൻ ആരാണ്? അവരുടെ യോഗ്യതകൾ, അവരുടെ ശുശ്രൂഷകൾ എന്നിവയെക്കുറിച്ച് പ്രസ്താവിക്കുന്നതിനു മുമ്പായി ദൈവസഭയെ കുറിച്ച് അല്പം വ്യക്തമാക്കുവാൻ താല്പര്യപ്പെടുന്നു.

സഭ എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്. സഭ എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഒരുമിച്ചു കൂടൽ എന്നാണ്. നാം സാധാരണ ഉപയോഗിക്കാറുള്ളതാണ് നിയമസഭ, ലോക് സഭ, രാജ്യസഭ ഇതൊക്കെ ചൂണ്ടിക്കാണിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടം എന്നാണ്. സഭ എന്നതിന്റെ ഗ്രീക്കു രൂപം 'എക്ലീസി

– തുടർച്ച–

യ' എന്നാണ്. അതായത് ഗ്രീക്കിലെ എക് എന്നതിനു പുറത്തേക്ക് എന്നും കലിയേ, എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ സമൂഹം അഥവാ കൂട്ടം, ചുരുക്കം. എബ്രായ ഭാഷയിൽ ക്വാഹൽ എന്നും ഒത്തുചേരൽ എന്നുമാണ്. വിശുദ്ധ തിരുവചനം പഠിക്കുമ്പോൾ സഭയെ രണ്ടുനിലയിലാണ് കാണുന്നത്. ഒന്നു പ്രാദേശിക സഭ, മത്താ: 18:17, അ.പ്രവ:2:41 – 42, 20: 28. വീണ്ടും ജനനം പ്രാപിച്ച്, സ്നാനപ്പെട്ടു വേർപെട്ട് അതാതുകാലത്ത് അതാതു സ്ഥലങ്ങളിൽ കൂടി വരുന്നവരാണ് പ്രാദേശിക സഭയിലെ അംഗങ്ങൾ. കൊരിന്ത്യ, ഗലാത്യ, എഫെസൊസ്, തെസ്സലോനിക്യ, ഫിലിപ്പ്യ പട്ടണങ്ങളിൽ പ്രാദേശിക സഭകളുണ്ടായിരിന്നു. ഈ പ്രാദേശിക സഭകൾ കൂടിവന്നത് അപ്പോസ്തലന്മാരുടെ ഉപദേശം പഠിപ്പിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും അപ്പം നുറുക്കാനും പ്രാർത്ഥ കഴിക്കുവാനുമായിരുന്നു, കൂടാതെ കർത്താവിന്റെ മഹാനിയോഗമാകുന്ന സുവിശേഷം ഭൂമിയിലെങ്ങും എത്തിക്കുവാനും വേണ്ടിയാണ്, അ.പ്രവ. 2:41 42, മത്താ: 28:18 – 20. രണ്ടാമേത്തത് സാർവത്രിക സഭ, മത്താ:16:18, എഫെ: 1:23, 5:23 പെന്തെക്കോസ്തുനാൾ മുതൽ കർത്താവിന്റെ മദ്ധ്യാകാശ വരവ് വരെയുള്ളവരാണ് സാർവത്രിക സഭയുടെ അംഗങ്ങൾ. പ്രാദേശിക സഭ ദൃശ്യമെന്നു പറയുമ്പോൾ സാർവത്രിക സഭ അദൃശ്യമാണ്. ക്രിസ്തു സഭയുടെ രക്ഷിതാവാണ്, എഫെ:5:22. ക്രിസ്തു തന്റെ വിലയേറിയ രക്തം നൽകിയാണ് ദൈവസഭയെ വിലയ്ക്ക് വാങ്ങിയിരിക്കുന്നത്, അ.പ്ര:20:28, ക്രിസ്തു സഭയുടെ അടിസ്ഥാമാണ്, 1കൊരി:3:11. അവ

06

## ചോദ്യോത്തര വേദി

# വേദപുസ്തകവും മറ്റു മതഗ്രന്ഥങ്ങളും



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** യുക്തിവാദികളായ ചിലർ ഹിന്ദുമതഗ്രന്ഥമായ 'മഹാഭാരത'ത്തിലെ അവതാരപുരുഷനായ 'കൃഷ്ണനെ'യും വേദപുസ്തകത്തിലെ ക്രിസ്തുവിനെയും താരതമ്യപ്പെടുത്തി, സാമ്യമുണ്ടാക്കി പ്രസംഗിക്കാറുണ്ട്. മറ്റു മതഗ്രന്ഥങ്ങളും വേദപുസ്തകവും ഒരേ സത്യമാണോ പ്രഘോഷിക്കുന്നത്? മറ്റുള്ള മതഗ്രന്ഥങ്ങളും വേദപുസ്തകവും താരതമ്യം ചെയ്യാമോ? - സണ്ണി, കുമ്പനാട്

**ഉത്തരം:** മറ്റു മതഗ്രന്ഥങ്ങളെല്ലാം അതാത് മതങ്ങളുടെ സ്ഥാപകന്മാർ എഴുതിയപ്പോൾ ബൈബിൾ എഴുതിയിരിക്കുന്നത് നാല്പത് പേരാണ്. ബൈബിൾ വെളിപ്പെടുത്തുന്ന സത്യങ്ങളും മറ്റു മതഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്ന സത്യങ്ങളുമായി ഒരു സാമ്യവുമില്ല. അനുഷ്ഠാനങ്ങളും വ്യത്യാസമാണ്. വിവാഹം, വിവാഹമോചനം, ഭക്ഷണ കാര്യങ്ങൾ, ആരാധന രീതികൾ, മരണാനന്തര ജീവിതം ഇവയെല്ലാം എല്ലാമതഗ്രന്ഥങ്ങളും വ്യത്യസ്ഥതയോടുകൂടിയാണ് പ്രഘോഷിക്കുന്നത്.

താഴെക്കൊടുത്തിരിക്കുന്ന വേദപുസ്തകത്തിന്റെ രൂപീകരണത്തിന്റെ പ്രത്യേകൾ പരിശോധിച്ചാൽ മറ്റു മതഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യാൻ പറ്റാത്തവിധം വ്യത്യസ്തമായിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. വിവിധ മതഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തിലെ വ്യത്യാസങ്ങൾ ഈ പംക്തിയിൽ എഴുതുന്നില്ല.

**ബൈബിളിന്റെ രൂപീകരണ ചരിത്രം**

1. ബി.സി. 1500 മുതൽ എ.ഡി. 100 വരെയുള്ള 1600 വർഷങ്ങൾ കൊണ്ടാണ് ബൈബിൾ എഴുതപ്പെട്ടത്.
2. 60 തലമുറകൾ നീണ്ട കാലഘട്ടം ഇതെഴുതാനുണ്ടായി.
3. രാജാക്കന്മാർ, തത്വജ്ഞാനികൾ, രാഷ്ട്രതന്ത്രജ്ഞന്മാർ, കവികൾ, പണ്ഡിതന്മാർ, കൃഷിക്കാർ, മുക്കുവർ തുടങ്ങി പല തലങ്ങളിൽപ്പെട്ട നാല്പതിലധികം എഴുത്തുകാർ ആണ് ഇതിന് പിന്നിലുള്ളത്.
4. മരുഭൂമി, തടവറ, ഗുഹ, രാജധാനി തുടങ്ങി വ്യത്യസ്ത സ്ഥലങ്ങളിൽ വച്ചാണ് എഴുതപ്പെട്ടത്.
5. യുദ്ധം, സമാധാനം, തടവ്, യാത്ര തുടങ്ങിയ വ്യത്യസ്ത വേളകളിലാണ് എഴുതപ്പെട്ടത്.
6. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങളിൽ വച്ചാണ് എഴുതപ്പെട്ടത്.
7. ഹീബ്രു, അരാമായ, ഗ്രീക്ക് എന്നീ മൂന്നു ഭാഷകൾ ഇതിന്റെ രചനയ്ക്ക് ഉപയോഗിക്കപ്പെട്ടു.
8. ബൈബിളിലെ ആദ്യത്തെ പുസ്തകമായ ഉൽപത്തി മുതൽ അവസാനത്തെ പുസ്തകമായ വെളിപ്പാടുവരെയുള്ള പ്രമേയത്തിലെ ഏകാഗ്രത-മനുഷ്യന്റെ സൃഷ്ടിപ്പും, തകർച്ചയും, വീണ്ടെടുപ്പും, വീണ്ടെടുപ്പുകാരനായ സൃഷ്ടാവായ യേശുക്രിസ്തുവും.
9. ഇതുവരെയുള്ള എല്ലാ പുസ്തകങ്ങളിലും പ്രചാരത്തിൽ ഒന്നാമത് നില്ക്കുന്നു.
10. മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതിൽ ഒന്നാമത് നില്ക്കുന്നു.
11. പുസ്തകനിരോധനം, പുസ്തകം നശിപ്പിക്കൽ തുടങ്ങിയ അവസ്ഥകളെ അതിജീവിച്ചവയിൽ ഒന്നാമതു നില്ക്കുന്നു.
12. കല, സാഹിത്യം, സംസ്കാരം, മനുഷ്യജീവിതം എന്നിവയിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ഗ്രന്ഥങ്ങളിൽ ഒന്നാമത് നില്ക്കുന്നു.
13. ചരിത്രരേഖകളിൽ പുരാതനം.
14. ശാസ്ത്ര സത്യങ്ങൾക്ക് നിരക്കാത്തതൊന്നും ബൈബിളിലില്ല.
15. എഴുത്തുകാരുടെയും എഴുത്തിൽ പരാമർശിക്കപ്പെടുന്ന വ്യക്തികളുടെയും കുറവുകളും പോരായ്മകളും ചൂണ്ടിക്കാണിച്ച് വസ്തുനിഷ്ഠമായും സത്യസന്ധതയോടും കൂടി എഴുതിയിരിക്കുന്നു.
16. **ഭാവിയിൽ സംഭവിക്കാനുള്ള കാര്യങ്ങൾ (പ്രവചനങ്ങൾ) നേരത്തെ എഴുതിവെയ്കയും കാലങ്ങൾക്കുശേഷം അത് കൃത്യതയോടുകൂടി സംഭവിക്കയും ചെയ്ത ഏക പുസ്തകം.**
17. **ആധുനിക യുഗത്തിൽ (അഥവാ അവസാനകാലഘട്ടത്തിൽ) റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ജൈവായുധങ്ങൾ മുതലായവ ഉപയോഗിക്കപ്പെടുമെന്നും, മനുഷ്യാവയവങ്ങളുടെ വ്യാപാരം ധാരാളമായി ഈ കാലഘട്ടത്തിൽ സംഭവിക്കുമെന്നും എഴുതിയിരിക്കുന്ന ഏക പുരാതന പുസ്തകം.**

മുകളിൽ കുറിച്ചിരിക്കുന്ന പതിനേഴു സൂചികകൊണ്ട് മറ്റെല്ലാ മതഗ്രന്ഥങ്ങളും നിങ്ങൾക്കുതന്നെ താരതമ്യപ്പെടുത്തി പരിശോധിച്ച് വേദപുസ്തകവുമായി സാമ്യമുണ്ടോ എന്ന് നോക്കാവുന്നതാണ്

## ധ്യാനം

# റബ്ബീ, വന്ദനം!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

മേലുദ്ധരിച്ച വന്ദന സ്വരം വളരെ സ്നേഹനിർഭരമായി തോന്നാമെങ്കിലും ലോകചരിത്രത്തിലെ ഏറ്റവും വലിയ വഞ്ചനക്കായി രൂപപ്പെടുത്തിയ തന്ത്രത്തിന്റെ ഭാഗമായിരുന്നു (മത്തായി 26:49). ശിഷ്യത്വത്തിന്റെ നല്ല നാൾവഴികളിൽ ഗുരുവിനെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിച്ച അതേ അഭിവാദ്യ ശൈലി!! കർത്താവിനെ കാണിച്ചു കൊടുക്കാൻ കരാറുണ്ടാക്കി പ്രതിഫലമായി പറഞ്ഞുറപ്പിച്ച നാണയത്തുട്ടുകൾ കയ്യിലിരിക്കുമ്പോഴും അധരത്തിലൂടെ പുറത്തുവന്ന നിഷ്കളങ്കതയുടെ വന്ദന ശബ്ദം അഭിനയമികവിന്റെ കൗശലം അല്ലാതെ എന്താണ്? ഗുരു ശിഷ്യ ബന്ധത്തിന്റെ സുതാര്യത തകർത്ത് നീതിമാനായവനെ വില്പ്പനച്ചരക്കാക്കിയ നികൃഷ്ഠ കർമ്മത്തിന്റെ കുറ്റബോധം ഉള്ളിൽ കത്തുമ്പോൾ അതിനെ മറയ്ക്കാൻ മുൻകാല ക്രിസ്തുബാന്ധവത്തിന്റെ വന്ദന സ്വരവുമായി യേശുവിനെ സമീപിക്കുന്ന യൂദാ! "റബ്ബീ വന്ദനം" എന്ന കപട സ്നേഹത്തിന്റെ വന്ദന സ്വരത്തിന് പിന്നിൽ താൻ ഒരുക്കി നിർത്തിയത് വാളും വടികളുമേന്തിയ വൻ സംഘത്തെയാണ്.

ക്രിസ്തുസ്നേഹത്തിന്റെ പരിധിക്കു പുറത്തു പോയവന്റെ വന്ദനങ്ങൾക്കും പ്രശംസകൾക്കും പിന്നിൽ അപകടകരമായ നിഗൂഢതകൾ ഉണ്ടാകും. ദൈവനാമത്തെയും യേശുവിനെയും വിപണന മൂല്യവും ലാഭസാധ്യതയുമുള്ള മാർഗ്ഗമായി കാണുന്നവന്റെ ക്രിസ്തുവിനോടുള്ള സമീപനങ്ങൾക്കും പുകഴ്ത്തലുകൾക്കും പിന്നിൽ ആർക്കും പിടികിട്ടാത്ത ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. കേവലം മുപ്പതു വെള്ളിക്കാശ് ക്രിസ്തുവിനു വിലയിട്ട്, അമൂല്യമായ ശിഷ്യത്വത്തെ അലക്ഷ്യമാക്കി യേശുവിനെ ഒറ്റികൊടുത്തതിനെക്കാൾ നീചമാണ്, ചെയ്ത തെറ്റുകളെ മറച്ചുകൊണ്ട് നടത്തുന്ന കപട സ്തുതിയും അർത്ഥമില്ലാത്ത വന്ദനങ്ങളും ആത്മാർത്ഥത ഇല്ലാത്ത ദൈവപ്രശംസകളും. ലോകം വച്ചു നീട്ടുന്ന പ്രതിഫലം കൈപറ്റാൻ സത്യ സുവിശേഷത്തിന് വിലപേശുന്ന പിന്മാറ്റക്കാരന്റെ അഭിനയ ഭക്തിയും വന്ദന സ്വരവും കേട്ടിട്ടും സ്നേഹഭാവത്തിൽ തന്നെ ഇന്നും യേശു തിരിച്ചു പ്രതികരിക്കുന്നത് നാം നടത്തിയ കളവുകളെ കുറിച്ച് അവിടുന്ന് അറിയാഞ്ഞിട്ടല്ല. "സ്നേഹിതാ നീ വന്ന കാര്യം എന്ത്" എന്ന യേശുവിന്റെ മറു ചോദ്യത്തിൽ ഇവൻ യേശുവിനിട്ട വിലയും എതിർപക്ഷത്തിനേൽപ്പിച്ചു കൊടുക്കാൻ നടത്തിയ സകല വിലകുറഞ്ഞ പ്രവർത്തികളും അറിഞ്ഞിട്ടുണ്ട് എന്നത് വളരെ വ്യക്തമാണ്. യേശുവിനെ ഏല്പിച്ചു കൊടുക്കാൻ, സത്യ സുവിശേഷത്തെ വിറ്റുകളയാൻ, ദൈവ വചനത്തിൽ മായം ചേർക്കാൻ ഒക്കെ നാം നടത്തുന്ന രഹസ്യ സംഭാഷണങ്ങൾ, അനധികൃത കൂടിച്ചേരലുകൾ, അനാവശ്യ കരാറുകൾ ഒക്കെ അവിടുന്നറിയുന്നുണ്ട്. ഹൃദയത്തിനുള്ളിൽ യുദ്ധം നടക്കുമ്പോൾ അധരം വെണ്ണപ്പോലെ മൃദുവാക്കി പുറപ്പെടുവിക്കുന്ന വന്ദനങ്ങളിലെ കൃത്രിമത്വം ദൈവത്തിനു മറവല്ല!!.

എന്റെ വചനത്തിൽ നിലനിൽക്കുന്നവൻ എന്റെ ശിഷ്യനായിരിക്കും (യോഹന്നാൻ 8:31). വചനത്തിലുള്ള നിലനിൽപ്പിലൂടെയാണ് ശിഷ്യത്വം തുടരുന്നത്. വചനത്തിൽ നിലനിൽക്കാൻ കഴിയാത്ത ശിഷ്യത്വം നഷ്ടമാക്കുന്നവന്റെ വന്ദനങ്ങൾ ഒറ്റികൊടുക്കലിനുള്ള അടയാളങ്ങളായി മാറും. നമ്മെ സ്വതന്ത്രമാക്കിയ സത്യത്തിനും നാം വിലപേശുമ്പോൾ നാം അറിയാതെ തന്നെ ഒരിക്കലായി ദൈവം നമുക്ക് തന്ന ശിഷ്യത്വത്തിന്റെ സ്ഥാനങ്ങളിൽ നിന്നും പിന്മാറുകയാണ്. നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക; ഇതിൽ ഉറച്ചു നിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും (1 തിമൊഥെയൊസ് 4: 16) എന്ന പൌലോസിന്റെ ഉപദേശം ശ്രദ്ധേയമാണ്. ദൈവത്തോടും ദൈവവചനത്തോടും നീതി പുലർത്താതെ അവിടുത്തെ പിന്തുടരാനും സ്തുതിക്കാനും ആരാധിക്കാനും കഴിഞ്ഞു എന്ന് വരാം. പക്ഷെ അതെല്ലാം അഭിനയങ്ങളോ അല്ലെങ്കിൽ മറ്റു പല ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള തുടക്കങ്ങളോ ആയിരിക്കാം. കാലങ്ങൾക്കപ്പുറം ചെയ്തു കൂട്ടിയ തെറ്റുകളുടെ ഒരു ചെറിയ തെളിവുപോലും അവശേഷിക്കുന്നില്ല എന്ന നിഗമനത്തിൽ യോസഫിന്റെ മുന്നിൽ സാഷ്ടാംഗം വീണിട്ടു അവനോട് "ഞങ്ങൾ പരമാർത്ഥികൾ" എന്ന് പറയാമെങ്കിലും കാര്യങ്ങളെല്ലാം വ്യക്തമായി അറിവുള്ളവന്റെ മുന്നിലാണ് അവർ നിൽക്കുന്നത് അവരറിഞ്ഞില്ല. കേവലം ധാന്യം നിറക്കാനുള്ള ചാക്കുകളുമായി മാത്രം ദൈവത്തെ സമീപിക്കുന്നവരുടെ വന്ദനങ്ങളും സ്തുതികളും ഒക്കെ ഇതിനു തുല്യമായി മാത്രമേ കാണേണ്ടതുള്ളു!!

ഒരു വശത്തു കൂടി യേശുവിനെ വിറ്റ നാണയത്തുട്ടുകൾ കൈപ്പറ്റുകയും മറുവശത്ത് വന്ദനങ്ങളും സ്തുതി സ്തോത്രങ്ങളും ആരാധനയും പ്രഭാഷണങ്ങളും ഒക്കെയായി ശിഷ്യനായി തിളങ്ങി നില്ക്കുകയും ചെയ്യുന്ന ഇരട്ട മുഖമുള്ള ആത്മീകത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ബാബിലോണ്യ മേലങ്കിയും വെള്ളിക്കട്ടികളും കൂടാരത്തിൽ കുഴിച്ചിട്ട് അതിന്റെ മുകളിലുള്ള യഹൂദ ഗോത്രക്കാരന്റെ നൃത്തച്ചുവടുകൾ ആഖോർ താഴ്വരയിലേക്കുള്ള പുറപ്പാടാണ്. ഒറ്റി കൊടുത്തു നേടിയ വെള്ളിക്കാശു കയ്യിലും, പിടിച്ചു കെട്ടാൻ ഒരു വൻ സംഘത്തെ പിന്നിലും അണിനിരത്തിയിട്ട്, ഇന്നലെകളിൽ യേശുവിനോടൊപ്പമുള്ള വാസത്തിൽ അവനോടുള്ള സ്നേഹാദരവുകളുടെ പ്രദർശനത്തിനായി ഗുരുശിഷ്യ ബന്ധത്തിന്റെ തനിമയിൽ ഉപയോഗിച്ച വന്ദന സ്വരങ്ങളും വാക്കുകളും വചനങ്ങളും, ഇപ്പോൾ മറ്റു പല സ്ഥാപിത താല്പര്യങ്ങൾക്കായിട്ടു പ്രയോഗിക്കുന്നു എങ്കിൽ അതിന്റെ പിന്നിൽ ഞാനിപ്പോഴും സത്യ സുവിശേഷത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും പക്ഷത്താണ് എന്ന് ലോകത്തെ അറിയിക്കാനുള്ള ഒരു തന്ത്രം മാത്രമാണ്. ദൈവവചനത്തെയും സത്യ സുവിശേഷത്തെയും മറയാക്കി യേശുവിനെ ഒറ്റിക്കൊടുക്കുന്ന നവ ശിഷ്യത്വത്തിന്റെ പ്രതീകമാണ് യൂദയെങ്കിൽ "റബ്ബീ വന്ദനം" എന്ന തന്റെ അഭിവാദ്യം കപട ആത്മീകതയുടെ അഭിനയ മികവാണ്!! തീവ്ര ഭക്തിയുടെ ഭാഷയും ശുദ്ധ ശിഷ്യന്റെ വന്ദനവും തികഞ്ഞ ആത്മീകതയുടെ അവതരണവുമായി യേശുവിനെ ഉയർത്തുമ്പോഴും അവനെ ക്രൂശിക്കാൻ തയ്യാറെടുത്തു നിൽക്കുന്ന ശത്രുപക്ഷത്തിന്റെ പാളയത്തിലാണ് നിൽപ്പെങ്കിൽ അത് ഗൗരവമായ കുറ്റമാണ്. അധരം കൊണ്ട് വേഷം ധരിക്കുന്ന (സദൃശ്യവാക്യം14:8) ഇത്തരം വന്ദനങ്ങൾ കൊടിയ വഞ്ചനയുടെയും ചതിവിന്റെയും ലക്ഷണമാണ്!!

## കല്ലുകടി

# ഓന്തിനെപ്പോലെ നിറം മാറുന്നവർ

പുനലൂരിനടുത്തൊരു പ്രവാചകനുണ്ട്. പേര് വിളിക്കുന്നതിൽ വിരുതനാണ്. മുൻകൂട്ടി വിവരങ്ങൾ ശേഖരിച്ച് ശുശ്രൂഷാ മധ്യേ പേരു വിളിച്ച് പൊതു ജനങ്ങളെ അമ്പരിപ്പിക്കുന്നോരു വ്യാജൻ. ക്രൈസ്തവചിന്ത പണ്ട് ഉമ്മച്ചനെന്നോ ഊമച്ചനെന്നോ ഒക്കെ ഇയാളെ വിളിച്ചിരുന്നു. ഇയാളുടെ ഒരു ശിങ്കിടി ജോബൻ ഉണ്ട് ഇവരെല്ലാം ചർച്ച് ഓഫ് ഗോഡിന്റെ ലേബലിലാണ് കച്ചവടം. ഈയിടെ തിരുവനന്തപുരത്ത് പെന്തെക്കോസ്തുക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ വിളിച്ച മീറ്റിംഗിൽ ഈ ജോബനും കേറിപ്പറ്റി. എന്നിട്ട് സ്വതന്ത്രൻമാർക്കായിട്ടങ്ങു വാദിക്കുവാൻ തുടങ്ങി. സഹികെട്ട മന്ത്രി പറഞ്ഞു നിങ്ങൾ ഇതെല്ലാം വിട്ട് ഐ. പി. സിയോ, ചർച്ച് ഓഫ് ഗോഡിലോ ചേര്. മന്ത്രിക്കു കാര്യം പിടികിട്ടിയെങ്കിലും ഈ ന്യൂജൻ ജോബനു കാര്യം പിടികിട്ടിയില്ല. വലിയ പണ്ഡിതൻ, കഴിവുള്ളവൻ എന്നൊക്കെ സ്വയം ധരിച്ചുവശായി നടക്കുകയാണ്. അർത്ഥരാത്രിയിൽ കുടപിടിക്കുന്ന നമ്മുടെ ജോബൻ മുളക്കുഴയിലൊക്കെ പാഷാണത്തിലെ കൃമിയായി പ്രത്യക്ഷപ്പെടാറുമുണ്ട്. സകല പ്രശ്നത്തിനും കാരണക്കാർ പത്രക്കാരണെന്നാണ് ഈ ജോബന്റെ ധാരണ. പത്രക്കാരെല്ലാം അനാത്മീകരാണത്രെ. എന്നാൽ തന്റെ നേതാവായ ഊമച്ചന്റെ കാര്യത്തിൽ ജോബന് ഒരു പ്രശ്നവുമില്ല. ചില ശുശ്രൂഷാ സ്ഥലത്തൊക്കെ ശവത്തിലെ കച്ചപോലെ ചുറ്റിപ്പറ്റി നടക്കും കക്ഷി.

**അടിക്കുറിപ്പ്:** അർത്ഥരാത്രിയിൽ കൂളിംഗ് ഗ്ലാസ് വെക്കുന്ന ജോബന്റെ നടപ്പ് ഭിത്തി താങ്ങുന്ന പല്ലിയെപ്പോലെയാണ്

## ഡോ.കോര സംസാരിക്കുന്നു



1. ഞങ്ങളുടെ സഭയിലെ ഒരു നേതാവ് എന്നോട് പറഞ്ഞത് ഇപ്രകാരമാണ് "എന്നെ അടുത്ത തെരഞ്ഞെടുപ്പിൽ ഓവർസിയർ ആക്കിയില്ലെങ്കിലും ഞാൻ ഇവിടെയൊക്കെ കാണും. ഏതെങ്കിലും ചുമതലയിൽ ഞാൻ ഉണ്ടാകും. അന്ന് നിങ്ങളെ ഞാൻ കൈകാര്യം ചെയ്തോളാം". ചിരിച്ചുകൊണ്ടാണ് എന്നോട് പറഞ്ഞത് എങ്കിലും പല രാത്രികളിലും ഇത് ഓർത്തു ഞാൻ ഞെട്ടിയുണരാറുണ്ട്. ഇത് ഒരു രോഗമാണോ കോരേ? **– മോൻസി, മുളക്കുഴ**

*ഇതൊക്കെ കേട്ട് ഞെട്ടേണ്ട കാര്യമൊന്നുമില്ല. എല്ലാം ചെറിയാച്ചന്റെ തമാശയായി കണ്ടാൽ മതി.*

2. റീജിയനിലാകെ പ്രശ്നമാണല്ലോ കോരേ **– ജോൺ, റാന്നി**

*അധികാരം നഷ്ടപ്പെടുമെന്ന് ഉറപ്പാകുമ്പാൾ ഉളവാകുന്ന ഒരുതരം പ്രതിഭാസത്തിന്റെ അനന്തര ഫലമാണ് ഇതൊക്കെ.*

3. പരിശുദ്ധാത്മാവ് ബാധിച്ചെന്ന് ഒരു പ്രസംഗകൻ പ്രസംഗിക്കുന്നത് കേട്ടു. സാധാരണ ബാധയെന്നൊക്കെ പറയുമ്പോൾ അത് പൈശാചികശക്തിയുമായി ബന്ധപ്പെട്ടാണ് ഞാൻ കേട്ടിട്ടുള്ളത്. ഈ പരിശുദ്ധാത്മാവ് ബാധയാണെന്ന് പറയുന്നത് ശരിയാണോ? **– ലിന്റാ, പായിപ്പാട്**

*കൂടുതൽ വിവരക്കേട് പറയുന്നവർക്ക് കൂടുതൽ സ്റ്റേജ് എന്നതാണ് പെന്തെക്കോസ്തിലെ ഇപ്പോഴത്തെ ട്രെന്റ്. ഈ വിവരദോഷിയെ പൊക്കിക്കൊണ്ടു നടക്കാൻ നമ്മുടെ ഇടയിലെ "കാച്ചിൽ കൃഷ്ണപിള്ളമാർ" മത്സരിക്കും.*

4. കൊട്ടാരക്കരയിൽ ഒരു പ്രവാചകന്റെ ഭാര്യ ആത്മഹത്യ ചെയ്തത് ചിലർ മത്സരിച്ച് ഫെയ്സ്ബുക്കിലും വാട്സ് ആപ്പിലുമൊക്കെ ഷെയർ ചെയ്യുന്നത് കണ്ടു. ഇത് ശരിയാണോ? **– സുബിൻ, കുമ്പനാട്**

*ഏത് വിഷയമാണെങ്കിലും നമുക്ക് സാമാന്യ മര്യാദ അത്യാവശ്യമാണ്. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുറച്ചുകൂടി മാന്യത ആവാം.*

## റവ. ജേക്കബ് മാത്യു അറ്റ്ലാന്റായിൽ പ്രസംഗിക്കുന്നു

ഷാജി വെണ്ണിക്കുളം



**അറ്റ്ലാന്റാ:** കാൽവറി അസംബ്ലീയുടെ കൺവൻഷൻ ആഗസ്റ്റ് 27-30 വരെ സ്നേൽവില്ലിലുള്ള (2720 Centerville Highway, snellville, GA.30078) ആരാധനാലയത്തിൽ നടക്കും. ഓർലാന്റോ ഐ.പി.സി സഭയുടെ സീനിയർ പാസ്റ്റർ റവ. ജേക്കബ് മാത്യു മുഖ്യ പ്രസംഗകൻ ആയിരിക്കും. ഐ.സി.പി.എഫ് ചെയർമാനായും (USA) അന്താരാഷ്ട്ര തലത്തിൽ പ്രസിഡന്റായും പ്രവർത്തിച്ചു വരുന്നു. എല്ലാ ദിവസവും വൈകിട്ട് 7 മണിക്ക് കാൽവറി ക്വയറിന്റെ ഗാനശുശ്രൂഷയോടെ കൺവൻഷൻ ആരംഭിക്കും.


ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ്

**സ്കൂൾ ഓഫ് ജേർണലിസം**

ഡിപ്ലോമ ഇൻ ക്രിസ്ത്യൻ ജേർണലിസം (DCJ) കോഴ്സിലേക്ക്

സെപ്റ്റംബർ 16 മുതൽ അഡ്മിഷൻ ആരംഭിക്കുന്നു

പ്രഗത്ഭരായ ജേർണലിസ്റ്റുകൾ ക്ലാസുകൾ എടുക്കുന്നു

മികച്ച അക്കാദമിക് നിലവാരം, ഫീൽഡ് വർക്കിനും സ്റ്റഡി ടൂറിനും അവസരം

നിങ്ങൾക്കും പത്രപ്രവർത്തകരാകാൻ ഇതാ ഒരു സുവർണ്ണാവസരം

കാലാവധി മൂന്ന് മാസം
യോഗ്യത SSLC/ PLUS 2

കൂടുതൽ വിവരങ്ങൾക്ക്:
ജനറൽ സെക്രട്ടറി
ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യ
C/o ബിലീവേഴ്സ് ജേണൽ
കണ്ടങ്കേരിൽ ബിൽഡിംഗ്, കുമ്പനാട് പി. ഒ. , തിരുവല്ല - 689 457
Email: beljourn@gmail.com/ jaisepandanad@gmail.com
9847340246, 9447455820, 9447368795


കഥ

# ഒരു രണ്ടാം കല്യാണം



ആഷേർ കെ. മാത്യു



**കാ**ട്ടു തീ പോലെയാണ് ആ വാർത്ത പരന്നത്.

അറിഞ്ഞവർ അറിഞ്ഞവർ മൂക്കത്തു വിരൽ വെച്ചു. മോനാച്ചൻ പാസ്റ്ററുടെ ഫോണിലേക്ക് തുരതുരാ കോളുകൾ വന്നുകൊണ്ടിരുന്നു.

"എന്നാലും ഈ വയസ്സുകാലത്ത് ബേബിച്ചായന് എന്നാത്തിന്റെ സൂക്കേടാ.?"

"ഇങ്ങനെയുമുണ്ടോ ഒരു മനുഷ്യൻ?"

പൊതുജനം പല അഭിപ്രായങ്ങളും പറഞ്ഞുകൊണ്ടേയിരുന്നു. ബേബിച്ചായനാണ് ഈ വിവാദ പുരുഷൻ. സഭയിലെ മൂപ്പനും, പ്രധാനികളിൽ ഒരാളുമാണ്.

ദേശത്തും സഭയിലും നല്ല സാക്ഷ്യമേ ബേബിച്ചായനെപ്പറ്റിയുള്ളൂ. ആത്മീയനായ ഒരു മനുഷ്യൻ, മൂന്നു മക്കൾ, മൂത്ത രണ്ടു പേരും അമേരിക്കയിൽ, ഇളയ ആൾ ആസ്ത്രേലിയയിൽ.

ഭ്യാര തങ്കമ്മ മരിച്ചിട്ട് പത്ത് വർഷമായി.

വയസ്സ് എഴുപതുകളോടടുക്കുന്നു.

വാർദ്ധ്യകത്തിലോട്ട് കടന്നിരിക്കുന്ന ബേബിച്ചായന് ഇപ്പോൾ വിവാഹം കഴിക്കണമത്രേ!!

അതാണ് വിവാദ വിഷയം.

വെളുപ്പിനെ മോനച്ചൻ പാസ്റ്റർക്ക്, ബേബിച്ചായന്റെ മൂത്ത മകൻ ജെയിംസിന്റെ, ഫോൺകോൾ വന്നു. ജെയിംസാണ് അപ്പച്ചന്റെ ഈ ആഗ്രഹം മോനച്ചൻ പാസ്റ്ററോട് പറഞ്ഞത്.

"എന്റെ പൊന്നു പാസ്റ്ററേ, ഈ വയസ്സാം കാലത്ത് ഞങ്ങളെ നാണം കെടുത്തരുതെന്നു അച്ചായനോട് പറയണം. ഞങ്ങൾക്ക് സമൂഹത്തിൽ ഒരു വിലയും നിലയുമുള്ളതാ. ഞങ്ങൾക്കു വെളിയിലിറങ്ങി നടക്കാൻ പറ്റില്ല".

ശരിയാണ്, മക്കൾക്ക് അതൊരു കുറച്ചിൽ തന്നെയാണ്. എന്നാലും മോനച്ചൻ പാസ്റ്റർക്ക് ഞെട്ടൽ മാറിയിരുന്നില്ല.

നേരെ സഭാ സെക്രട്ടറിയെ വിളിച്ചു. "തോമസ് ബ്രദറേ, എന്താ ഇപ്പോൾ ചെയ്യുന്നേ. സംഗതി സഭയ്ക്ക് നാണക്കേടാകുമല്ലോ"

"നമ്മക്ക് രാവിലെ തന്നെ ബേബിച്ചായനെ കണ്ട് നേരിട്ട് കാര്യം സംസാരിക്കാം പാസ്റ്ററേ".

രാവിലെ തന്നെ മോനച്ചൻ പാസ്റ്ററും തോമസ് ബ്രദറും ബേബിച്ചായന്റെ വീട്ടിലെത്തി.

മുറ്റമൊക്കെ കാടു പിടിച്ചു കിടക്കുന്നു. കുറെ നാളായി ഈ വഴി വന്നിട്ട്.

സഭയുടെ 'ഇവാഞ്ചലിസം ബോർഡിന്റെ' സെക്രട്ടറിയാണ് മോനച്ചൻ പാസ്റ്റർ. ആകെ തിരക്കാണ്. പിന്നെ സഭാരാഷ്ട്രീയത്തിലേക്കും ഒന്ന് ഇറങ്ങിയതുകൊണ്ട് പറയുകയും വേണ്ട.

ബേബിച്ചായൻ ചാരുകസേരയിൽ കിടപ്പുണ്ടായിരുന്നു,

പ്രെയിസ് ദ ലോർഡ് പറഞ്ഞ് മോനച്ചൻ പാസ്റ്ററും തോമസ് ബ്രദറും ബേബിച്ചായന്റെ അരികിൽ ഇരിപ്പുറപ്പിച്ചു.

ബേബിച്ചായന്റെ മുഖത്ത് യാതൊരു ഭാവമാറ്റവും ഉണ്ടായിരുന്നില്ല.

മോനച്ചൻ പാസ്റ്റർക്ക് എങ്ങനെ തുടങ്ങും എന്നൊരു പിടിയും കിട്ടിയില്ല.അഥവാ ജെയിംസിന് വല്ല തെറ്റിദ്ധാരണയും ഉണ്ടായതാണെങ്കിലോ?!

"എങ്ങനെയുണ്ട് ബേബിച്ചായാ ആരോഗ്യസ്ഥിതിയൊക്കെ?"

ബേബിച്ചായന് കാലിന് വേദനയും നീരുമൊക്കെയാണ്. മിക്ക ഞായറാഴ്ചകളിലും ഇപ്പോൾ വരാറുമില്ല.

"ഇങ്ങനെ പോകുന്നു പാസ്റ്ററേ..... നടക്കാൻ അല്പം ബുദ്ധിമുട്ടൊക്കെയുണ്ട്".

നടക്കാൻ പോലും വയ്യാത്ത ഈ ബേബിച്ചായനാണോ വീണ്ടും കല്യാണം കഴിക്കാൻ പോകുന്നത് എന്നായിരുന്നു മോനച്ചൻ പാസ്റ്ററുടെയും തോമസ് ബ്രദറിന്റെയും മനസ്സിലൂടെ ഒരേ സമയം കടന്നു പോയത്.

ഒരു വിധത്തിൽ പാസ്റ്റർ സംസാരത്തിന് മുഖവുരയിട്ടു.

"ബേബിച്ചായാ രാവിലെ ജെയിംസ് വിളിച്ചാരുന്നേ..... അച്ചായൻ വല്ല തമാശയും അവനോട് പറഞ്ഞോ?"

"തമാശയോ? ഞാൻ ഒരു തമാശയും പറഞ്ഞിട്ടില്ല. എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് കാര്യമായിട്ടു തന്നെയാ".

ഇത്തവണ രണ്ടുപേരും ഞടുങ്ങി. മോനച്ചൻ പാസ്റ്ററും തോമസ് ബ്രദറും മുഖത്തോടു മുഖം നോക്കിയിരുന്നു.

"നിങ്ങൾക്ക് തോന്നുന്നുണ്ടാകും എനിക്ക് ഈ വയസ്സ് കാലത്ത് ഇങ്ങനെ ഒരു ആഗ്രഹം എന്താണെന്ന്."

ബേബിച്ചായൻ ചാരുകസേരയിൽ നിന്ന് ഒന്നാഞ്ഞു മുന്നോട്ടിരുന്നു.

"നിങ്ങൾക്കറിയാമല്ലോ, ഞാൻ ഒരു പേരുദോഷവും ഇതുവരെ കേൾപ്പിച്ചിട്ടില്ല. സഭയിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഞാൻ നന്നായി സഹകരിക്കുന്നുമുണ്ട്. പണവും എനിക്കൊരു പ്രശ്നമല്ല"

ശരിയാണ്. ഹാളുപണിക്കും പാഴ്സണേജ് പണിക്കുമൊക്കെ ലക്ഷങ്ങളാണ് ബേബിച്ചായൻ സംഭാവന ചെയ്തിട്ടുള്ളത്.

"എന്റെ മൂന്നു മക്കളുടെ അടുത്തു പോയി നിക്കാൻ എനിക്ക് താല്പര്യം ഇല്ല. ഇല്ലെങ്കിൽ എന്റെ തങ്കമ്മ മരിച്ചപ്പോഴേ ഞാനങ്ങു പോയേനെ". ബേബിച്ചായൻ തുടർന്നു.

"എന്റെ കാര്യങ്ങൾ നോക്കാൻ ഇവിടെ ഒരു കൊച്ച് വരും. അവൾടെ പണി കഴിഞ്ഞ് അവളും അങ്ങ് പോകും."

ഈ ബേബിച്ചായൻ എന്താണാവോ ഈ പറഞ്ഞ് വരുന്നത്. അല്ലെങ്കിലും വയസ്സുകാലത്ത് പിടിവാശിയും നിർബന്ധബുദ്ധിയും ഒക്കെ കൂടുതലാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

"പക്ഷേ, എന്റെ പ്രശ്നം ഇതൊന്നുമല്ല. ഞാൻ വീണ്ടും വിവാഹം കഴിക്കാൻ പോകുന്നുമില്ല... അതോർത്ത് വിഷമിക്കണ്ട"

ആഹാ.... മോനച്ചൻ പാസ്റ്റർക്ക് ഇപ്പോഴാണ് ശ്വാസം നേരെ വീണത്. പക്ഷെ ബേബിച്ചായന്റെ മുഖം ഗൗരവമായിരുന്നു.

എനിക്ക് പാസ്റ്ററോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്.

"ഏഹ്? ചോദ്യങ്ങളോ? എന്താണാവോ?

"പാസ്റ്റർ എന്റെ വീട്ടിൽ ഭവന സന്ദർശനത്തിന് എന്നാ അവസാനം വന്നത്?"

"അത് ......ഒരു....ഏകദേശം......"

"ഏകദേശമല്ല..... രണ്ടു മാസം കഴിഞ്ഞു"

അതു ശരിയാണ്, തിരക്കുകൾ കാരണം ഭവനസന്ദർശനത്തിന് സമയം കിട്ടാറേയില്ല. അപ്പോഴേക്കും അടുത്ത ചോദ്യം വന്നു.

"അമ്പതിൽ അധികം കുടുംബങ്ങളും, നൂറ്റമ്പതിലധികം വിശ്വാസികളും സഭയാണെല്ലോ നമ്മുടേത്. ഇതിലോ ആരെങ്കിലും എന്നെ കാണാൻ വരാറുണ്ടോയെന്നു പാസ്റ്റർക്ക് അറിയാമോ?"

"അത് അച്ചായാ... അങ്ങനെ ചോദിച്ചാൽ...."

"കുറച്ച് നാള് മുമ്പ് കുറെ പിള്ളാര്

06




# യു. പി. എഫ് ഭാരവാഹികൾ


പാസ്റ്റർ കെ.റ്റി.ഉമ്മൻ


പാസ്റ്റർ ബിനോയ് മാത്യു


ബ്രദർ എം.റ്റി വർഗീസ്

**നിരണം:** നിരണത്തും പരിസരപ്രദേശങ്ങളിലുള്ള 70-ൽ പരം വേർപ്പെട്ട ദൈവസഭകളുടെയും ദൈവദാസന്മാരുടെയും സംയുക്ത സംരംഭമായ നിരണം യു.പി.എഫ് പുതിയ ഭാരവാഹികളെ ജൂലൈ 19-ന് നിരണം ടാബർനാക്കിൾ സഭാഹാളിൽ പ്രസിഡന്റ് പാസ്റ്റർ കെ.റ്റി ഉമ്മന്റെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് തെരഞ്ഞെടുത്തു. പാസ്റ്റർ കെ.റ്റി.ഉമ്മൻ (പ്രസിഡന്റ്), പാസ്റ്റർ സ്റ്റാൻലി കെ. ഉമ്മൻ (ഡയറക്ടർ), പാസ്റ്റേഴ്സ് കെ.പി.കോശി, ബാബു തലവടി, എം.എ.തോമസുകുട്ടി, പി.എം.ജോൺസൻ, ബ്രദർ കെ.കെ.തോമസ്, ഷിബു ഐപ്പ് (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ ബിനോയ് മാത്യു(സെക്രട്ടറി), സുനിൽ വർഗീസ്(ജോ.സെക്രട്ടറി), ബ്രദർ എം.റ്റി വർഗീസ് (ട്രഷറാർ), പാസ്റ്റ കുര്യൻ വർഗീസ്സ്(പബ്ലിസിറ്റി സെക്രട്ടറി), ബാബു ജേക്കബ് (യൂത്ത് അഫേഴ്സ് സെക്രട്ടറി), പാസ്റ്റർ മാത്യൂ ജോർജ്(ഓർഗനൈസിംഗ്), ബ്രദർ സുരേഷ് തോമസ് (ഇവാഞ്ചലിസം സെക്രട്ടറി), പാസ്റ്റർ ഷൈബി (ചാരിറ്റി സെക്രട്ടറി), പാസ്റ്റർ തോമസ് ബേബി(പ്രെയർ സെക്രട്ടറി) എന്നിവരാണ് 2015-16ലെ ഭാരവാഹികൾ

## 02 യുവജനപംക്തി....

ച്ച് പാപത്തെ പ്രസവിക്കുന്നു." മോഹത്തിന്റെ ഭർത്താവ് പിശാചാണെന്ന് തോന്നി പോയേക്കാം. മോഹം ഗർഭം ധരിച്ചാൽ ചില നാളുകൾ കഴിഞ്ഞാൽ പുറത്തു വരുന്നത് പാപമാണ്. പാപത്തെ പ്രസവിക്കുന്നവനെ പാപി എന്നു പറയും.

**പിശാചിനെ പരാജയപ്പെടുത്തുക**

ചിലർ പറയും പെട്ടെന്ന് ഒരു തെറ്റ് പറ്റിപ്പോയി എന്ന്. എന്നാൽ ആർക്കും പെട്ടെന്ന് തെറ്റ് പറ്റുകയില്ല. കൂടുതലും നാം തന്നെ നമ്മെ പാപത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. ചിന്തകൾ നമ്മുടെ ഉള്ളിൽ ഇടുവാനാണ് സാത്താന്റെ ശ്രമം. തെറ്റായ ഒരു ചിന്ത നമ്മുടെ ഉള്ളിൽ ഉണ്ടായാൽ നാം എന്താണ് ചെയ്യുന്നത്.

ചിലർ ചിന്തകളെ താലോലിച്ച് വളർത്തും. മറ്റു ചിലർ തെറ്റായ ചിന്തകളോട് വിട പറയും. ചിന്തകളെ താലോലിക്കുന്നവരാണ് പാപത്തിലേക്ക് നയിക്കപ്പെടുന്നത്. നമ്മുടെ ഉള്ളിൽ തെറ്റായ ചിന്തകളെ വിതച്ചിട്ട് വർഷങ്ങളോളം വേണമെങ്കിൽ പിശാച് കാത്തിരിക്കും. പാപത്തെ പ്രസവിച്ച് കാണാനാണ് പിശാച് ആഗ്രഹിക്കുന്നത്. ചിന്തകൾ സാധാരണമാണ്. എന്നാൽ തെറ്റിലേക്ക് നയിക്കുന്നവയെ തുടക്കത്തിൽ തന്നെ ഒഴിവാക്കണം.

സാത്താൻ നമ്മെ സ്വയം ഇല്ലാതാക്കാനായി ശ്രമിക്കുന്ന വിവിധ മാദ്ധ്യമങ്ങളാണ് വൈരാഗ്യചിന്തകൾ, നിരാശ, കോപം, മടി, മറ്റ് ദൂഷ്യശീലങ്ങൾ മുതലായവ. മറ്റൊരർത്ഥത്തിൽ പിശാചിന്റെ ഏജന്റുകളാണ് മദ്യപാനവും, മടിയും മറ്റ് മുകളിൽ പറഞ്ഞവയെല്ലാം. ഒരാളിൽ മദ്യം ആയിരിക്കാം മുഖ്യ ഏജന്റ്. എന്നാൽ മറ്റൊരാളിൽ ദുർന്നടപ്പും, അശുദ്ധിയും ആകാം. എന്തായാലും സാത്താൻ തന്റെ ഏജന്റുമാരെ സജ്ജരാക്കി എല്ലാ മേഖലയിലും ഉപയോഗിക്കും. നാം ജാഗരൂകരാകുക.

ചിലയാളുകൾ മുകളിൽ പറയപ്പെട്ട സാത്താന്റെ ഏജന്റുമാരെ പരമാവധി പുകഴ്ത്താറുണ്ട്. അതെങ്ങനെയാണെന്ന് ഞാൻ വിശദീകരിക്കാം. ചിലർ പറയും 'ദേഷ്യം അതെനിക്ക് പാരമ്പര്യമാ' എന്റെ വല്യപ്പച്ചനും വല്യദേഷ്യക്കാരനായിരുന്നു. അതുകൊണ്ട് ദേഷ്യം എനിക്ക് മാറ്റാൻ കഴിയില്ല. മറ്റ് ചിലർ പറയും; ഞാൻ അങ്ങനാ, എനിക്കിത് മാറ്റാൻ കഴിയില്ല. ഇത് പറയുമ്പോൾ നാം സാത്താന് കീഴടങ്ങുകയാണ് ചെയ്യുന്നത്.

(തുടരും...)

## 05 കഥ....

വന്നു. സംഭാവനയ്ക്ക്. അതല്ലാതെ ഒരു മനുഷ്യനും ഇങ്ങോട്ട് വരാറില്ല. ഭാര്യ ഇല്ലാത്തോണ്ടാവും, സഹോദരിമാരുടെ പ്രാർത്ഥന ഇവിടെ ഇല്ലാത്തോണ്ട് അവരും വരാറില്ല. അപ്പോ ഒരു കല്യാണം കഴിച്ചേക്കാമെന്നു ഞാനും കരുതി."

ചിരിക്കണമെന്നുണ്ടായിരുന്നെങ്കിലും ചിരി പുറത്തേക്ക് വന്നില്ല. എങ്ങനെയെങ്കിലും സംഭാഷണം അവസാനിപ്പിച്ചിരുന്നെങ്കിൽ.... ബേബിച്ചായന്റെ മനസ്സിലുള്ളതെല്ലാം തന്നെ പാസ്റ്റർക്ക് മനസ്സിലായിരുന്നു. എന്തായാലും ഇറങ്ങാൻ നേരത്ത് ബേബിച്ചായൻ പറഞ്ഞു.

"പാസ്റ്റർ പേടിക്കേണ്ട. ഞാൻ കല്യാണമൊന്നും കഴിക്കാൻ പോകുന്നില്ല. പിന്നെ..... ഒരു ആയുസ്സ് മുഴുവൻ സഭയ്ക്കും വിശ്വാസികൾക്കും വേണ്ടി ചിലവഴിച്ചതല്ലേ. ഈ വയസ്സുകാലത്ത് ഒരു കൂട്ടായ്മ ഇല്ലെങ്കിൽ പിന്നെ.... എന്ത് ദൈവസ്നേഹം?"

അത് പറയുമ്പോൾ ബേബിച്ചായന്റെ കണ്ണ് ഈറനണിഞ്ഞിരുന്നുവോ എന്നൊരു സംശയം.

അടുത്ത ഞായറാഴ്ച സഭായോഗമദ്ധ്യേ മോനച്ചൻ പാസ്റ്റർ ചില കാര്യങ്ങൾ പ്രസ്താവിച്ചു.

ഒന്ന്, ഇനി മുതൽ ഞാൻ കൃത്യമായി ഭവന സന്ദർശനം നടത്തുന്നതായിരിക്കും. രണ്ട്, വാർദ്ധക്യത്തിലായിരിക്കുന്നവരെയും രോഗികളെയും, നിർബന്ധമായി കൂട്ടുവിശ്വാസികൾ സന്ദർശിക്കണം.

യുവജനപ്രവർത്തകരും, സൺഡേസ്കൂൾ കുട്ടികളും ഇതിന് പ്രാധാന്യം കൊടുക്കണം.

അങ്ങനെ ആ വിവാദം അവസാനിപ്പിച്ചു. അല്പം കോളിളക്കം ഉണ്ടാക്കിയിട്ടാണെങ്കിലും.....

പക്ഷേ, എത്രയോ ബേബിച്ചായന്മാർ കണ്ണീരിൽ തങ്ങളുടെ വേദന മൂടി വെക്കുന്നു ആവോ.... അറിയില്ല.....

# പി. സി. ഐ. സെമിനാർ

**തിരുവല്ല:** ഭൂരിപക്ഷ വർഗ്ഗീയത ഒരു രാഷ്ട്രത്തിന്റെ പ്രത്യശാസ്ത്രമായാൽ ആ രാജ്യം തകരുമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാനും ജനതാദൾ സെക്രട്ടറി ജനറലുമായ ഡോ. വർഗീസ് ജോർജ്ജ് പ്രസ്താവിച്ചു. ആഗസ്റ്റ് 15 ന് തിരുവല്ലയിൽ നടന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഏകദിന സെമിനാറിൽ 'ഭാരത ക്രൈസ്തവർ - വർത്തമാനവും ഭാവിയും' എന്ന വിഷയം അവതരിപ്പിച്ച് പ്രസംഗിക്കുകയായിരുന്നു ഡോ. വർഗീസ് ജോർജ്ജ്.

ഭൂരിപക്ഷ, ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങൾക്കും മതേതരസമൂഹമായി ജീവിക്കുവാനുള്ള അവകാശം ഈ രാജ്യത്തുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഏതു മതത്തിൽ വിശ്വസിക്കുവാനും, താൻ വിശ്വസിക്കുന്ന മതം പ്രചരിപ്പിക്കുവാനുമുള്ള അവകാശം ഭരണഘടനാബദ്ധമാണ്. അത് ഇല്ലാതാക്കരുത് രാജ്യത്തെ തന്നെ അപകടത്തിലാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വൈസ് പ്രസിഡണ്ട് പാസ്റ്റർ കെ. എ. ഉമ്മന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ ജനറൽ പ്രസിഡണ്ട് തോമസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. കേരളാ സ്റ്റേറ്റ് ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വക്കേറ്റ് വി. വി. ജോഷി മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സ്വാഗതം പറഞ്ഞു.

# സ്വമേധയ പ്രവർത്തനം

**അടൂർ:** ഐ.പി.സി. അടൂർ വെസ്റ്റ് സെന്റർ സ്വമേധയാ പ്രവർത്തനം ആഗസ്റ്റ് 8 ന് തേപ്പുപാറ ഐ.പി.സി. ചർച്ച് കേന്ദ്രമാക്കി നടന്നു. പാസ്റ്റർമാരായ ബഞ്ചമിൻ വർഗ്ഗീസ്, മാത്തുക്കുട്ടി കെ. മാമ്മൻ, ജോസ് വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

# ആലയത്തിന് തറക്കല്ലിട്ടു


സെന്റർ പാസ്റ്റർ രാജു ആനിക്കാട് ആരാധാനലയത്തിന്റെ തറക്കല്ലിടുന്നു.

**കുറുപ്പുന്തറ:** ഐ. പി. സി. വൈക്കം സെന്റർ മാൻവെട്ടം പെനിയേൽ സഭയുടെ ആരാധനാലയത്തിന് തറക്കല്ലിട്ടു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ രാജു ആനിക്കാട് തറക്കല്ലിട്ടു. ഡാളസ്, ഫിലദൽഫിയ പെന്തെക്കോസ്തൽ സഭയുടെ സഹായത്തോടെയാണ് ഇതിന്റെ പണികൾ നടക്കുന്നത്. പാസ്റ്റർ എം. എം. പീറ്റർ, എം. എം. എബനേസർ, ബിൾഡിംഗ് കമ്മറ്റി സെക്രട്ടറി കെ. കെ. ശശീന്ദ്രൻ, സഭാ ശുശ്രൂഷകൻ പാസ്റ്റർ ശാമുവേൽ കോശി തുടങ്ങിയവർ പങ്കെടുത്തു.

# ലഹരി വിരുദ്ധ സമാധാന റാലി

ചർച്ച് ഓഫ് ഗോഡ് കൗൺസലിംഗ് ഡിപാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 2015 ആഗസ്റ്റ് 15-ാം തീയതി മദ്യം, മയക്കുമരുന്ന്, ആത്മഹത്യ, ഭീകരവാദം എന്നീ സാമൂഹിക തിന്മകൾക്കെതിരെയുള്ള ബോധ വത്കരണറാലി നടത്തി. ദിവസം രാവിലെ 8.30-ന് കൗൺസിലിംഗ് ഡയറക്ടർ പാസ്റ്റർ എ.റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ഉദ്ഘാടനം നിർവ്വഹിച്ച റാലി, എക്സൈസ് കമ്മീഷണർ ഫ്ളാഗ് ഓഫ് ചെയ്തു. വൈകിച്ച് 6.30ന് പുതുപ്പള്ളി കവലയിൽ സമാപിച്ചു. പാസ്റ്റർമാരായ പി.വി. ചെറിയാൻ, വി.ജെ. കുഞ്ഞുമ്മൻ, ജേക്കബ് തോമസ്, ചാക്കോ എം.സ്കറിയ, വി. വി. രമേശ് എന്നിവർ നേതൃത്വം നല്കി.

## 08 ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയൻ .....

രാണ് കൺവൻഷനിലെ മുഖ്യ പ്രസംഗകർ. 5ന് രാവിലെ പി.വൈ.പി.എ താലന്ത് പരിശോധനയും സഹോദരീസമ്മേളനവും നടക്കുന്നതാണ്. ഹൂസ്റ്റൺ, ഒക്കലഹോമ, ഓസ്റ്റിൻ, ഡാളസ് തുടങ്ങിയ പട്ടണങ്ങളിൽ നിന്നുള്ള സഭാശുശ്രൂഷകരും വിശ്വാസികളും ഈ കൺവൻഷനിൽ പങ്കെടുക്കുന്നു. ഞായറാഴ്ച നടക്കുന്ന സഭായോഗത്തോടെ കൺവൻഷൻ സമാപിക്കുന്നു. സഭാശുശ്രൂഷകരായ ഷാജി ഡാനിയേൽ(പ്രസിഡന്റ്), പി.സി.ജേക്കബ്(സെക്രട്ടറി), ബ്രദർ ജോസ് ശാമുവൽ(ട്രഷറർ) എന്നിവരടങ്ങുന്ന 43 അംഗ കമ്മിറ്റിയാണ് കൺവൻഷന് നേതൃത്വം കൊടുക്കുന്നത്.

## 03 വേദപഠനം.....

നാണ് സഭയെ പണിയുന്നത്, മത്താ:16:18. സഭയെ ശുദ്ധികരിക്കുന്നത് അവനാണ്, എഫെ:26:27, അവൻ സഭയെ സ്നേഹിക്കുന്നു, എഫെ:5:22, സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുന്നു, എഫെ:5:24, സഭ ക്രിസുതുവിന്റെ മണവാട്ടിയാണ്, എഫെ:5:22 - 29, സഭ ക്രിസ്തുവിന്റെ ശരീരമാണ്, കൊല:1:18, സഭ ജീവനുള്ള ദൈവത്തിന്റെ ആലയമാണ്, 1 തിമെ:3:15, സഭ പൊൻനിലവിളക്കാണ്, വെളി:1:19: -20, സഭ സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്, 1 തിമെ:3:15, സഭ നിർമ്മല കന്യകയാണ്, 2കൊരി:11:2-3, സഭ ദൈവ നിവാസമാണ്, എഫെ:2:22 സഭ ദൈവത്തിന്റെ കൃഷിയും ഗൃഹനിർമ്മാണവുമാണ് 1 കൊരി:3:9, ചുരുക്കിപ്പറഞ്ഞാൽ സഭ ദൈവത്തിന്റേതാണ്. ജീവനാധാരമായ രക്തം കാൽവറിയിൽ നൽകി കർത്താവ് നേടിയ ശരീരമാണ്, പരിശുദ്ധാത്മാവിനാൽ പണിയപ്പെടുന്ന പരിപാവനമായ മന്ദിരമാണ് ദൈവസഭ.

# പി.വൈ.പി.എ മലബാർ മേഖല സ്വാതന്ത്ര്യദിന സന്ദേശറാലി

**കല്പറ്റ:** ഐ. പി. സി. പി.വൈ.പി.എ മലബാർ മേഖലയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിന സന്ദേശറാലിയും സുവിശേഷസമ്മേളനവും വയനാട്ടിൽ നടന്നു. സുൽത്താൻ ബത്തേരിയിൽ ആരംഭിച്ച റാലി ഫ്ളാഗ് ഓഫ് ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. പാസ്റ്റർ ബിജോയ് കുര്യക്കോസ് (പി.വൈ.പി.എ മലബാർ മേഖലാ പ്രസിഡന്റ്) റാലിക്ക് നേതൃത്വം നൽകി. കല്പറ്റയിൽ നടന്ന പൊതുയോഗത്തിൽ പാസ്റ്റർ തോമസ് തോമസ് (ഐപിസി) വയനാട് സെന്റർ മിനിസ്റ്റർ), ബ്രദർ സജി മത്തായി കാതേട്ട് (ഐപിസി സ്റ്റേറ്റ് കൗൺസിലർ), ബ്രദർ ജെയിംസ് വർക്കി(ഐപിസി സ്റ്റേറ്റ് കൗൺസിലർ), പാസ്റ്റേഴ്സ് ബിജു ആന്റണി, മനോജ് വി.ജെ, ഷാജു ജോൺ, സുനിൽ മാത്യു എന്നിവർ സംസാരിച്ചു. മേഖലാ ഭാരവാഹികളായ പാസ്റ്റർ സന്തോഷ് ദേവസ്യാ പാസ്റ്റർ ജോർജ് തോമസ്, ബ്രദർ ടിങ്കു തോമസ് എന്നിവർ റാലിക്ക് നേതൃത്വം നൽകി. പി.വൈ.പി.എ വയനാട് സോണൽ പ്രസിദ്ധികരിച്ച വോയ്സ് ഓഫ് വയനാട് എന്ന പത്രിക ഐ.സി. ബാലകൃഷ്ണൻ എം. എൽ.എ പ്രകാശനം ചെയ്തു.

## ഭാരവാഹികൾ

**ചെന്നൈ:** ഐ.പി.സി ചെന്നൈ ഡിസ്ട്രിക്ട് ആഗസ്റ്റ് 2-ാം തീയതി കൂടിയ ജനറൽ ബോഡി പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു. പാ.സാമുവേൽ വർഗ്ഗീസ്(പ്രസിഡന്റ്), പാ.ബേബി തോമസ്സ് (വൈസ് പ്രസിഡന്റ്), പാ.ഒ.ജെ.ഫിലിപ്പ് (സെക്രട്ടറി), ഇവാ.കെ.എം.കോശി(ജോയിന്റ് സെക്രട്ടറി), ഇവാ.പി.എസ്സ്.ജോർജ്ജ് (ട്രഷാർ), ബ്രദർ.മത്തായി. പി.കോശി(പബ്ലിസിറ്റി കൺവീനർ) കൂടാതെ കമ്മറ്റി അംഗങ്ങളേയും തിരഞ്ഞെടുത്തു.

## ഏകദിന വനിതാ സെമിനാർ

**തിരുവല്ല:** ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിലെ എല്ലാ ശുശ്രൂഷകന്മാരുടെ ഭാര്യാമാരെയും ഏകോപിപ്പിച്ചു കൊണ്ട് 2015 സെപ്റ്റംബർ 3 വ്യാഴം രാവിലെ 9.30 മുതൽ 2 മണി വരെ തിരുവല്ല ഗോസ്പൽ സെന്റർ പ്രാർത്ഥനാലയത്തിൽ വെച്ച് ഏകദിന സെമിനാർ നടത്തപ്പെടുന്നു. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. സിസ്റ്റർ മേഴ്സി തോമസ് കുമ്പനാട്, റവ. വി.സി. യോഹന്നാൻ എന്നിവർ ശുശ്രൂഷിക്കും. ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനങ്ങളാലപിക്കും. സെക്രട്ടറി സിസ്റ്റർ ഷേർളി ജോർജ് സെമിനാറിന് നേതൃത്വം നൽകും.

# പി. വൈ. പി. എ. സ്വാതന്ത്ര്യദിന റാലി



പി. വൈ. പി. എ. കേരളാ സ്റ്റേറ്റിന്റെ ചുമതലയിൽ സ്വാതന്ത്ര്യദിന റാലിയോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പാസ്റ്റർ കെ. സി. ജോൺ പ്രസംഗിക്കുന്നു.

# സ്വാതന്ത്ര്യദിന റാലി



എടത്വ പോലിസ് സബ്ബ് ഇൻസപെക്ടർ ശ്രീ. എസ് ശ്രീകുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേലും പാസ്റ്റർ ഷൈജു തോമസും പ്രസംഗിക്കുന്നു.

**മഴുക്കീർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ തിരുവല്ല സൗത്ത് ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ ലഹരിക്കും സാമൂഹിക തിന്മകൾക്കും എതിരായി ആഗസ്റ്റ് 15ന് ബോധവത്കരണ റാലി നടത്തി. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ അനിയൻ കുഞ്ഞ് ശാമുവേൽ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത റാലി എടത്വ പോലിസ് സബ് ഇൻസപെക്ടർ ശ്രീ എസ്. ശ്രീകുമാർ ഫ്ളാഗ് ഓഫ് ചെയ്തു. പാസ്റ്റർമാരായ അനിയൻ കുഞ്ഞ് ശാമുവേൽ, എ. ഡി ജോൺസൻ, ഷൈജു തോമസ് ഞാറയ്ക്കൽ, ജയ്സ് പാണ്ടനാട് സഹോദരന്മാരായ സുരേഷ് തോമസ്, സാജൻ തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്ട് സെക്രട്ടറി സി. എസ് മാത്യു, ഗോസ്പൽ ടിം സെക്രട്ടറി പാസ്റ്റർ എം. എ തോമസ്കുട്ടി, സണ്ടേസ്കൂൾ സെക്രട്ടറി പാസ്റ്റർ സാലു വർഗിസ് തുടങ്ങിയവർ റാലിക്ക് നേതൃത്വം നല്കി. ഇവാഞ്ചലിസ്റ്റ് എബിന്റെ നേതൃത്വത്തിലുള്ള ഗോഡ്സ് വോയ്സ് ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ റാലിയുടെ കോർഡിനേറ്ററായി പ്രവർത്തിച്ചു.

### കണ്ടതും കേട്ടതും

# ‘മനോരമ’യിലെ വര

ജയ്മോഹൻ അതിരുങ്കൽ, 9567759748

ക്രൈസ്തവപത്രമാസികകളിലെ കാർട്ടൂൺ കണ്ടിട്ട് പലരും ആവശ്യപ്പെട്ടിട്ടുണ്ട്, മറ്റു പ്രസിദ്ധീകരണങ്ങളിലും കൂടി വരയ്ക്കണമെന്ന്. അക്രൈസ്തവമായ പ്രസിദ്ധീകരണങ്ങളിൽ കാർട്ടൂൺ വരയ്ക്കാനൊരു പ്രേരണ കിട്ടാത്തതിനാൽ വരച്ചില്ല. എന്നാൽ മേപ്പടി നിർബ്ബന്ധക്കാർ നിമിത്തം, ‘ഹാസ്യകൈരളി’യിൽ ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചിരുന്നു. എട്ടു പത്തു വർഷം മുമ്പാണ് അതെന്നു തോന്നുന്നു.

തൃശൂരിൽ താമസിക്കുന്ന ഞങ്ങൾക്കു ‘മനോരമ’ ദിനപ്പത്രത്തിന്റെകൂടെ ‘മെട്രോ’ എന്ന നാലു പേജ് കളർ പതിപ്പും കിട്ടുന്നുണ്ട്. കോർപ്പറേഷൻ പരിധിയിൽ മാത്രം വിതരണം ചെയ്യുന്ന ‘മെട്രോ’യ്ക്ക് ആയിരക്കണക്കിനു കോപ്പികൾ പ്രചാരമുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം (?) എന്നീ കോർപ്പറേഷനുകളിലും ‘മെട്രോ’യുണ്ട്. തിരുവനന്തപുരത്തെ മെട്രോയിൽ ‘ഹകു’ (ഹരികുമാർ) വരയ്ക്കുന്ന കാർട്ടൂണുകളാണുള്ളത്. കൊച്ചി മെട്രോയിൽ ‘മെട്രോവിശേഷം’ എന്ന പേരിൽ എം. എം. മോനായിയുടെ കാർട്ടൂൺ എന്നുമുണ്ട് (ആഴ്ചയിൽ അഞ്ചു ദിവസം. ചൊവ്വാ-ശനിവരെയാണു മെട്രോ പ്രസിദ്ധീകരിക്കുന്നത്; തിങ്കളാഴ്ച പ്രസിദ്ധീകരണമില്ല). മോനായി എം. എൽ. എ. കൂടിയാണ്.

തൃശൂർ മെട്രോയിൽ കാർട്ടൂണില്ലാത്തത് എനിക്കൊരു ബുദ്ധിമുട്ടുണ്ടാക്കിയെന്നു പറയാം. പ്രസിദ്ധീകരിക്കുമോ ഇല്ലയോ എന്നറിയാത്തതുകൊണ്ട് കാർട്ടൂൺ അയയ്ക്കാൻ മടിച്ചു. ഒരു ദിവസം രണ്ടും കല്പിച്ച് രണ്ടു കാർട്ടൂണുകൾ വരച്ച് ഇ-മെയ്ൽ ചെയ്തു. അതു രണ്ടും പ്രസിദ്ധീകരിച്ചില്ല! പക്ഷേ, മെട്രോയുടെ ചുമതലയുള്ളയാൾ മറുപടിയയച്ചു: “ഈ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുന്നില്ല; ഇനിയും കാർട്ടൂണുകൾ അയച്ചു തരിക” അങ്ങനെ അടുത്ത കാർട്ടൂൺ അയച്ചു അതു പ്രസിദ്ധീകരിച്ചു. ‘പച്ചക്കറി കഴിച്ച് ആത്മഹത്യ ചെയ്തു’ എന്നതായിരുന്നു സംഭാഷണം. പച്ചക്കറിയിലെ വിഷത്തിന്റെ ആധിക്യമെന്ന വാർത്തയായിരുന്നു കാർട്ടൂണിന് ആധാരമായിരുന്നത്.




പിന്നെ പ്രസിദ്ധീകരിച്ച കാർട്ടൂൺ ‘കുലുക്കി സർബ്ബത്താ’യിരുന്നു. സർബ്ബത്ത് കുടിച്ചയാളിനെ പിടിച്ചു കുലുക്കിക്കൊണ്ട് കച്ചവടക്കാരൻ പറയുകയാണ് “ഗ്ലാസ് കുലുക്കാൻ മറന്നുപോയി!” അതിനുശേഷമായിരുന്നു സ്കൂൾ ബസുകളുടെ ‘ഫിറ്റ്നസ്’ പരിശോധന. മദ്യപിച്ചു കിറുങ്ങിയ സ്കൂൾ ബസ് ഡ്രൈവറെ താങ്ങിപ്പിടിച്ചു കൊണ്ട് പോലീസുകാരൻ, ഇൻസ്പെക്ടറോടു പറയുന്നു: “വണ്ടി ഫിറ്റല്ലെങ്കിലും ഡ്രൈവറു ഫിറ്റാണു സാർ”. ഈ കാർട്ടൂണുകൾ വന്നു കഴിഞ്ഞപ്പോഴേക്കും വായനക്കാർ പ്രതികരിക്കാൻ തുടങ്ങി ‘നല്ല കാർട്ടൂണുകളാണെ’ന്ന അഭിപ്രായവും കിട്ടി. അങ്ങനെ ഓരോ ദിവസവും കാർട്ടൂൺ വരച്ചയച്ചു. ചില കാർട്ടൂണുകൾ അവർ പ്രസിദ്ധീകരിച്ചുമില്ല. അപ്പോൾ സ്വാഭാവികമായ മനഃപ്രയാസം വന്നു (ഓരോ ബ്യൂറോയിലെയും ‘ചീഫി’നു രസിക്കുന്ന കാർട്ടൂണുകളേ ഇടുകയുള്ളൂ. നമുക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്ന കാർട്ടൂണുകൾ അവർക്കിഷ്ടപ്പെടണമെന്നില്ല). ‘മനോരമ’യിലെ കാർട്ടൂണുകൾ കണ്ട്, എന്നെ പരിചയമുള്ള പല വിശ്വാസികളും അഭിപ്രായങ്ങൾ പറയാൻ തുടങ്ങി. പക്ഷേ പല നല്ല കാർട്ടൂണുകളും പ്രസിദ്ധീകരിക്കാത്തതു മൂലം ഇനി ‘മെട്രോ’യ്ക്കു കാർട്ടൂൺ കൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചു. ഇത് അവസാനത്തെ കാർട്ടൂണാണെന്ന കുറിപ്പോടെ ഒരെണ്ണം അയച്ചു. അവരതു പ്രസിദ്ധീകരിക്കുകയും ചെയ്തു. ചിലപ്പോൾ ഇനി ‘മെട്രോ’യിൽ കാർട്ടൂൺ വരാനുള്ള സാദ്ധ്യതയുമുണ്ട്. പതിനാറ് കാർട്ടൂണുകൾ മനോരമ പ്രസിദ്ധീകരിച്ചു. അതെല്ലാം മികച്ചതാണെന്ന അഭിപ്രായവും കിട്ടി.

ഓരോ ദിവസത്തെയും മെട്രോ വാർത്ത ആധാരമാക്കിയുള്ള ഈ കാർട്ടൂണുകൾ വ്യത്യസ്തമായ അനുഭവമാണു കാർട്ടൂണിസ്റ്റിനും നൽകിയത്. ദിവസവും കാർട്ടൂൺ വരയ്ക്കാൻ പറ്റുമോയെന്ന എന്റെ സംശയം അസ്ഥാനത്താക്കിക്കൊണ്ട് ആശയങ്ങൾ ലഭിച്ചു തുടങ്ങി. A4 സൈസിൽ നെടുകെ (wide) ആയി വരച്ച ആ കാർട്ടൂണുകളെല്ലാം ഫെയ്സ് ബുക്കിൽ വായനക്കാർക്കു കാണാം (www.facebook.com/Jaimohan Athirumkal).

നീക്കിബാക്കി: ഇങ്ങനെയാണെങ്കിലും, കാർട്ടൂൺ വരച്ചുകൊണ്ടു സുവിശേഷം പറയുമ്പോഴുണ്ടാകുന്ന ഒരു സംതൃപ്തി (നിർവൃതിയെന്നോ സന്തോഷമെന്നോ പറയാം) മനോരമയിലെന്നല്ല, ന്യൂയോർക്ക് റ്റൈംസിൽ വരച്ചാൽപ്പോലും കിട്ടുകയില്ല. ഇതു വെറുതെ പറയുന്നതല്ല, സത്യമാണ്.

## ഏകദിന സെമിനാർ

**അന്തിയൂർക്കോണം:** ഐ.പി.സി ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകദിന സെമിനാർ പാസ്റ്റർ അലക്സ് ജോൺ ‘ക്രിസ്തുവിൽ ഫലമുള്ളവരാകുക’ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

## ഏകദിന ക്യാമ്പ്

**വെള്ളറട:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ വെള്ളറട സെന്ററിന്റെ പുത്രികസംഘടനകളുടെ സംയുക്ത ഏകദിന ക്യാമ്പ് ഒറ്റശേഖരമംഗലം ഐ.പി.സി സഭാഹാളിൽ വെച്ചു നടന്നു. ‘ക്രിസ്തുവിൽ വളരുക’ എന്ന വിഷയത്തെക്കുറിച്ച് പാസ്റ്റർ അലക്സ് ജോൺ ക്ലാസ്സുകൾ നയിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ കമൽരാജ് ഉദ്ഘാടനം ചെയ്തു.

## ഐപിസി സൺഡേസ്കൂൾ രജിസ്ട്രേഷൻ സെപ്റ്റംബർ 1-ന് അവസാനിക്കും

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ 2015 - 2018 ലെ രജിസ്ട്രേഷൻ 2015 സെപ്റ്റംബർ 1-ന് അവസാനിക്കും. എല്ലാ സൺഡേ സ്കൂളുകൾക്കും രജിസ്ട്രേഷൻ ഫോമുകൾ നേരത്തെ അയച്ചിട്ടുണ്ട്. സൺഡേസ്കൂൾ താലന്ത് പരിശോധന, പരീക്ഷ, തിരഞ്ഞെടുപ്പ് എന്നിവയിൽ പങ്കെടുക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമായും പുതുക്കേണ്ടതാണെന്ന് ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ് അറിയിച്ചു. എല്ലാ ചൊവ്വാഴ്ച്ചയും കുമ്പനാട്ടുള്ള സൺഡേസ്കൂൾ ഓഫീസിൽ നേരിട്ട് ഫോമുകൾ സ്വീകരിക്കും. മൂന്ന് വർഷത്തേക്ക് 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 16

BELIEVERS JOURNAL

PUBLISHED ON 25/08/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ചർച്ച് ഓഫ് ഗോഡ് യു. എ. ഇ. റീജിയൻ കൺവൻഷൻ ഷാർജയിൽ






റവ. കെ. ഒ. മാത്യു | റവ. ഫിലിപ്പ് പി. തോമസ് | കാനം അച്ചൻ | അനിൽ കൊടിത്തോട്ടം

**ഷാർജ:** ഐക്യ അറാബ് എമിറേറ്റ്സുകളിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ജനറൽ കൺവൻഷൻ 2015 ആഗസ്റ്റ് 26,27,28 തീയതികളിൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കുന്നു. മിഡിൽ ഈസ്റ്റ് ഓവർസിയർ റവ. കെ. ഒ. മാത്യു ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ദൈവദാസന്മാരായ ഫിലിപ്പ് പി. തോമസ്, കാനം അച്ചൻ, അനിൽ കൊടിത്തോട്ടം എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. മിഡിൽ ഈസ്റ്റിലെ വളരുന്ന ആത്മീയ പ്രസ്ഥാനങ്ങളിൽ മുൻനിരയിലുള്ള ചർച്ച് ഓഫ് ഗോഡിന് എല്ലാ മേഖലകളിലും മുന്നേറ്റമാണുള്ളത്. എ. റ്റി. എ.യുടെ അംഗീകാരമുള്ള B.Th, M.Div, M.Th ബിരുദങ്ങൾ നൽകുന്ന ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയും വിവിധ ഭാഷാ ജനതകൾക്കുവേണ്ടിയുള്ള വ്യത്യസ്ത ആരാധനകളും നടന്നുവരുന്നു.

# ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ




പാസ്റ്റർ തോമസ് ഫിലിപ്പ് | പാസ്റ്റർ ബിൽസ് വർഗീസ്

വാർത്ത: രാജു തരകൻ

**ഡാളസ്:** ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4-ന് ഹൂസ്റ്റൺ ഐ.പി.സി. ഹെബ്രോൻ സഭാഹാളിൽ ആരംഭിക്കും. ഇന്ത്യയിൽ നിന്ന് പാസ്റ്റർ തോമസ് ഫിലിപ്പ് (വെൺമണി), പാസ്റ്റർ ബിൽസ് വർഗീസ് (ന്യൂജേഴ്സി) തുടങ്ങിയ ദൈവദാസന്മാ

06

# ഐ. പി. സി. ഓഫീസ് നിർമ്മാണം പുനരാരംഭിച്ചു



പാസ്റ്റർ കെ. സി. ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യുന്നു

**കുമ്പനാട്:** മുടങ്ങിക്കിടന്ന ഐ. പി. സി. ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗിന്റെ നിർമ്മാണം പുനരാരംഭിച്ചു. പാസ്റ്റർ കെ. സി. ജോൺ പ്രാർത്ഥിച്ച് നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചു. ഗവൺമെന്റിന്റെ അനുമതിയില്ലാതെ പണിതതിന്റെ പേരിൽ മുടങ്ങിക്കിടന്ന പണികളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ഈ ബിൽഡിംഗിന്റെ നിർമ്മാണം ആരംഭം മുതൽ വിവാദങ്ങൾ ഒന്നിനുപുറമെ ഒന്നായി വന്നുകൊണ്ടിരുന്നു. നിർമ്മാണത്തിൽ അഴിമതി ഉണ്ട് എന്ന ഖാൻ റിപ്പോർട്ടിന്മേൽ ആരോപണ പ്രത്യാരോപണങ്ങൾ ഉയർന്നിരുന്നു. ഐ. പി. സി. രാഷ്ട്രീയത്തിന്റെ ഇരയായി ഈ കെട്ടിടനിർമ്മാണം മാറി. ഒപ്പം അഴിമതി ആരോപണങ്ങളും. ഇപ്പോൾ കെട്ടിടംപണി ആരംഭിച്ചിരിക്കുന്നത് എക്സിക്യൂട്ടീവ്സിൽ പലരുടെയും എതിർപ്പോടെയാണെന്നാണ് അറിയുന്നത്. ജനറൽ പ്രസിഡന്റ് നേരിട്ട് ഇടപെട്ട് പണി ആരംഭിക്കുകയായിരുന്നെന്നും തങ്ങൾക്ക് അതിൽ പങ്കില്ലെന്നും ചിലർ പറയുന്നു. അടുത്ത കൗൺസിൽ മീറ്റിംഗിൽ ഇതിനെതിരെ ശക്തമായി പ്രതികരിക്കും എന്ന് ചില ജനറൽ കൗൺസിൽ അംഗങ്ങൾ പറയുന്നു. എന്നാൽ ഇവരുടെ വാദഗതികൾ ഒന്നും ശരിയല്ലെന്നും വ്യക്തിവിദ്വേഷവും ഗ്രൂപ്പുകളിയുമാണ് ആരോപണത്തിനുപിന്നിലെന്ന് മറുവിഭാഗം പറയുന്നു. സഭയുടെ പുരോഗതി ആഗ്രഹിക്കുന്നവർ ഈ വിഷയത്തിൽ ഇടപെടുകയും പണിയ്ക്ക് ആവശ്യമായ അനുമതി വാങ്ങുകയായിരുന്നെന്നും അനാവശ്യമായ വിവാദം ഉണ്ടാക്കുന്നവർ സഭയുടെ വളർച്ച മുരടിപ്പിക്കുവാൻ ശ്രമിക്കുകയാണെന്നും മറുവിഭാഗം പറയുന്നു. വിവാദത്തിന് പഞ്ഞമില്ലാത്ത ഐ. പി. സിയിൽ ഇനിയും ഈ വിഷയത്തിൽ കൂടുതൽ വിവാദങ്ങൾ പ്രതീക്ഷിക്കാം.

# പി. സി.ഐ. സെമിനാർ



പി. സി. ഐ. സെമിനാറിൽ ഡോ. വർഗീസ് ജോർജ്ജ് പ്രസംഗിക്കുന്നു. ജെ. ജോസഫ്, കെ. എ. ഉമ്മൻ, തോമസ് വടക്കേക്കുറ്റ് എന്നിവർ സമീപം

വാർത്ത പേജ് 06

# 01 ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനിൽ പ്രതിസന്ധി രൂക്ഷമാകുന്നു....




ക്ഷേപം. നാലു വർഷത്തെ ഫിനാൻസ് സ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചിട്ടില്ലെന്ന് ഒരു കൗൺസിൽ അംഗം ജേണലിനോട് പറഞ്ഞു. സഭാവളർച്ചയിൽ മുൻകാലത്തെക്കാളും അധികം മുരടിപ്പുണ്ടായി. ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിച്ച് പ്രസ്ഥാനത്തെ ശരിയായ ദിശയിൽ നയിക്കേണ്ടവർ മുൻഗാമികളെപ്പോലെ വികസനത്തെ പിറകോട്ട് അടിക്കുകയാണ് ചെയ്തത്. പകയുടെ രാഷ്ട്രീയം കൈമുതലാക്കി എതിർസ്വരങ്ങളെ അടിച്ചമർത്തിയും ഇഷ്ടമില്ലാത്തവരെ ഒതുക്കിയും അധികാര പ്രമത്തത അഴിഞ്ഞാടുകയാണ്.

കുക്ക് സായ്പ് സ്ഥാപിച്ച കണിച്ചുകുളം സഭ, കുറുമ്പനാടം സഭ, പുല്ലാട് സഭ എന്നിവ പിളർന്നു. 45 കുടുംബങ്ങളുള്ള പുല്ലാട് സഭ മൂന്നുകഷണമായി. സഭ പിളർത്തിയപ്പോൾ സഭാനേതൃത്വത്തിന് നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. പ്രശ്നം പരിഹരിക്കാനും സഭ പ്രസ്ഥാനത്തിന്റെ പേരിൽ വാങ്ങാനും നേതൃത്വം തയ്യാറായില്ല. പുല്ലാട് സഭാപ്രശ്നം ഇപ്പോൾ കോടതിയിലെത്തിയിരിക്കുകയാണ്. സഭയ്ക്ക് താല്പര്യമുള്ള പാസ്റ്റർമാരെ നിർബന്ധമായി സ്ഥലംമാറ്റുകയും അടുത്തൂൺപറ്റികളെ തിരുകി കയറ്റുകയും ചെയ്തുകൊണ്ട് മനപൂർവ്വം പ്രശ്നം സൃഷ്ടിക്കുകയാണ്. നേതാക്കന്മാർക്കെതിരെ കള്ളക്കഥകൾ ചമച്ചും അപവാദങ്ങൾ പ്രചരിപ്പിച്ചും അധികാരകസേരയിൽ കടിച്ചുതൂങ്ങാൻ വെമ്പൽ കൊള്ളുന്ന നേതൃത്വത്തെ ഭരിക്കുന്നത് അധികാരം നഷ്ടപ്പെട്ടപ്പോൾ സമനിലതെറ്റിയ ഇന്ദിരഗാന്ധിയുടെ മനോഭാവമാണ്. ഏകാധിപത്യം അടിച്ചേൽപ്പിക്കാൻ പ്രതിപക്ഷ നേതാക്കളെ തുറങ്കിലടച്ചും പത്രങ്ങളുടെ വായ് മൂടുകെട്ടിയും ഭരണം നടത്തിയ ഇന്ദിര നടപ്പിലാക്കിയ അടിയാന്തിരാവസ്ഥ ചരിത്രത്തിൽ ഇന്നും കറുത്ത പൊട്ടായി ശേഷിക്കുന്നു.

ഒരു വിശ്വാസിയുടെ ഭവനപ്രതിഷ്ഠാ ശുശ്രൂഷയ്ക്ക് ഐ. പി. സി.യുടെ മുൻ ജനറൽ പ്രസിഡന്റും പവർവിഷൻ ചെയർമാനുമായ പാസ്റ്റർ കെ. സി. ജോണിനെ ക്ഷണിച്ചതിന്റെ പേരിൽ വിശ്വാസിക്ക് മുടക്കുകത്ത് അയച്ചത് ഏറെ വിവാദമായിരിക്കുകയാണ്. വിശ്വാസികളെ സഭയിൽ നിന്നും മുടക്കുന്നതിനും വിടർത്തുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ സഭാ പോളിസിയിലും ബൈബിളിലുമുണ്ട്. ദുരുപദേശം, ദുർന്നടപ്പ് തുടങ്ങിയ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തുന്നവരെയാണ് മുടക്കാറുള്ളത്. ഭവന പ്രതിഷ്ഠാ ശുശ്രൂഷ ഒരു വ്യക്തിയുടെ സ്വകാര്യ പരിപാടിയാണ്. ബഹുജനങ്ങൾ പങ്കെടുക്കുന്ന ഇത്തരം യോഗങ്ങളിൽ വിശ്വാസികൾ മാത്രമല്ല മതേതര സമൂഹവും പങ്കെടുക്കാറുണ്ട്. സെന്റർ പാസ്റ്റർ നിയന്ത്രിക്കുകയും കൗൺസിൽ അംഗങ്ങൾ പങ്കാളിത്തം വഹിക്കുകയും ചെയ്ത ഗൃഹപ്രവേശന ശുശ്രൂഷയിൽ ആദരണീയനായ മറ്റൊരു സഹോദരപ്രസ്ഥാനത്തിന്റെ നേതാവ് പങ്കെടുത്തതിൽ അസഹിഷ്ണത പൂണ്ട ഓവർസിയർ അച്ചടക്കത്തിന്റെ വാളോങ്ങി ഒരു അല്മായ നേതാവിനെ മുടക്കുകയാണ് ഉണ്ടായത്. മുടക്കുകത്തിനെതിരെ വിശ്വാസി കോടതിയെ സമീപിച്ചിരിക്കുകയാണ്. പകയും വൈരാഗ്യവും കൈമുതലാക്കി അനഭിമതരെ വരുതിയിൽ നിർത്തി ഭരണത്തിൽ തുടരാനുള്ള സഭാനേതൃത്വത്തിന്റെ നെഗറ്റീവ് രാഷ്ട്രീയത്തിനെതിരെ വിശ്വാസികളും ശുശ്രൂഷകന്മാരും സംഘടിതമായ രംഗത്ത് എത്തിയിരിക്കുകയാണ്. സ്വന്തം ക്യാമ്പിലുള്ളവരുടെ അച്ചടക്ക ലംഘനവും സദാചാര പ്രശ്നവും കാണാൻ കണ്ണിന് തിമിരം ബാധിച്ച നേതൃത്വത്തിന് കഴിയുന്നില്ല. ഏകപക്ഷീയമായി നിലപാടെടുക്കുകയും ശുശ്രൂഷകന്മാരെയും വിശ്വാസികളെയും വിശ്വാസത്തിലെടുക്കാനും ഒന്നിച്ചുകൊണ്ടുപോകുവാനും നേതൃത്വത്തിന് കഴിയുന്നില്ല. നേതൃത്വമാറ്റത്തിന് കളമൊരുങ്ങിയ അന്തരീക്ഷത്തിൽ നിലവിട്ട് പെരുമാറുന്ന ഓവർസിയറുടെ ധിക്കാരത്തിനെതിരെ ശുശ്രൂഷകന്മാരും വേൾഡ് മിഷനെ സമീപിക്കുമെന്നാണ് അറിയുന്നത്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.